2017
നവംബർ
വാല്യം 10 | ലക്കം 11
Annual Subscription ₹ 60.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN





അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവും മിയാവോ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോർജ് പള്ളിപ്പറമ്പിൽ പിതാവും"ഹാർട്ട് റ്റു ഹാർട്ട് മിഷൻ ലിങ്കേജ്" പ്രോഗ്രാമിന്റെ മെമെന്റോ കൈമാറ്റവേളയിൽ



കേരള ലത്തീൻ സഭയെ പരി. കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുന്ന പ്രാർത്ഥനയ്ക്ക് അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് നേതൃത്വം നൽകുന്നു.



എക്സിബിഷൻ ഉദ്ഘാടനം ന്യൂൺഷ്യോ ആർച്ച്ബിഷപ്പ് ജാംബത്തിസ്ത ദിക്വാത്രോ നിർവ്വഹിക്കുന്നു.

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**NOVEMBER 2017**
**Vol.10 • No.11**

REGISTERED NEWSPAPER
Reg.No. KERMAL/2008/24745



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Rev.Fr. George John Marymangalam**
Mob: 9446382249

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Msgr. Jose Navez** M.A. Ph.D.
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055




## താളുകൾ മറിക്കുമ്പോൾ...


4 എഡിറ്റോറിയൽ:

പരേതരുടെ മാസം

5 രൂപതാ കാര്യാലയത്തിൽ നിന്ന്:

**CATHEDRATICUM RECEIVED** (തുടർച്ച)

TRANSFERS & APPOINTMENTS

6 ദൈവാലയ ഗായകസംഘ മത്സരവും, പ്രസംഗമത്സരവും

8 **ആഗമനകാലം** (സർക്കുലർ)

13 **ആഗോള മിഷൻ ഞായർ** (സർക്കുലർ)

17 **മിഷൻ കോൺഗ്രസ്സ് – ബി.സി.സി. കൺവെൻഷൻ**

25 **ബൈബിൾ സർക്കുലർ** (കെ.സി.ബി.സി. സർക്കുലർ)

30 സംഘടനാ വർത്തകൾ

32 വി.എസ്.എസ്.എസ്. വാർത്തകൾ

34 അഭിവന്ദ്യ പിതാവിന്റെ നവംബർ മാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

EDITORIAL

# പരേത സ്മരണാമാസം

ആദ്യ മാതാപിതാക്കന്മാരുടെ പാപഫലമായി മനുഷ്യവർഗ്ഗത്തിന് നഷ്ടപ്പെട്ട സ്വർഗ്ഗസൗഭാഗ്യം വീണ്ടെടുക്കുവാൻ ദൈവം തന്റെ ഏക പുത്രനായ യേശുവിനെ ലോകത്തിലേക്ക് അയച്ച് മനുഷ്യരക്ഷ സാധിച്ചു. എന്നാൽ മനുഷ്യൻ ബലഹീനനായതിനാൽ അവർ വീണ്ടും വീണ്ടും പാപത്തിന് അധീനപ്പെട്ടുപോകുന്നു. എന്നാൽ അറിഞ്ഞോ അറിയാതെയോ ചെയ്തു പോയ പാപത്തിന് അവന് മോചനം ലഭിക്കുക യേശുക്രിസ്തു സ്ഥാപിച്ച അനുരജ്ഞന കൂദാശയിലൂടെയാണ്. മനുഷ്യൻ വീണ്ടും പാപം ചെയ്തിട്ടും അവന് പാപമോചനം നല്കി തന്റെ അനന്തമായ സ്നേഹവും, കാരുണ്യവും അവന്റെ മേൽ ചൊരിയുന്നു. എന്നാൽ ഇത് മനുഷ്യന് മനസ്സിലാക്കുവാൻ കഴിയുക ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ ആത്മാർത്ഥമായി സ്നേഹിച്ചും സഹായിച്ചും പരസ്പരം പ്രാർത്ഥിച്ചും ജീവിക്കുമ്പോഴാണ്. ഈ സ്നേഹബന്ധവും പ്രാർത്ഥനയും ഈലോക ജീവിതം കൊണ്ടവസാനിക്കുന്നില്ല. ഒരുവന്റെ ജീവിതം ഈ ലോകം കൊണ്ടവസാനിച്ചാലും ജീവിച്ചിരിക്കുന്നവരുടെ കടമയാണ് തന്റെ മരിച്ചുപോയ സഹോദരന് വേണ്ടി പ്രാർത്ഥിക്കുകയെന്നുള്ളത്. നമ്മുടെ അനുദിന ബലി അർപ്പണത്തിലും മറ്റു ഇതര പ്രാർത്ഥനാ ശുശ്രൂഷകളിലും നാം അവരെ അനുസ്മരിക്കുന്നുണ്ടെങ്കിലും സഭാമാതാവ് നവംബർ മാസം മരിച്ചുപോയവരെ പ്രത്യേകവിധമായി ഓർത്ത് പ്രാർത്ഥിക്കുവാൻ ഓർമ്മപ്പെടുത്തുന്നു. കാരണം ജീവിത കാലത്ത് അവർക്ക് പൂർണ്ണമായി തങ്ങളുടെ പാപങ്ങൾക്ക് പരിഹാരം ചെയുവാൻ സാധിച്ചിട്ടില്ലെങ്കിൽ ജീവിച്ചിരിക്കുന്നവരുടെ കടമയാണ് അവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നുള്ളത്. വിശുദ്ധ ഗ്രന്ഥം തന്നെ ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. രണ്ടാം മക്കബായക്കാരുടെ പുസ്തകം 12-ാം അദ്ധ്യായം 43-45 വരെയുള്ള വചനങ്ങൾ ഇതിനുദാഹരണമാണ്. വചനം പറയുന്നു “പാപം നിമിത്തം മരണത്തിന് ഇരയായവർക്ക് സംഭവിച്ചതെന്തെന്ന് ഒരിക്കൽ കണ്ട ജനത്തോട് പാപത്തിൽ നിന്ന് ഒഴിഞ്ഞു നിൽകാൻ വീരപുരുഷനായ യൂദാസ് ഉപദേശിച്ചു. അനന്തരം അവൻ അവരിൽ നിന്ന് രണ്ടായിരത്തോളം ദ്രാക് വെള്ളി പിരിച്ചെടുത്തു പാപപരിഹാര ബലിക്കു ജെറുസെലെമിലേക്ക് അയച്ചു കൊടുത്തു പുനരുത്ഥാനം ഉണ്ടാകുമെന്ന് ഉറച്ച് യൂദാസ് ചെയ്ത ഈ പ്രവൃത്തി ശ്രേഷ്ഠവും ഉചിതവും തന്നെ. മരിച്ചവർ ഉയർക്കുമെന്ന പ്രതീക്ഷയില്ലായിരുന്നുവെങ്കിൽ അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് നിഷ്പ്രയോജനവും, ഭോഷത്വവും ആകുമായിരുന്നു.’’ വീണ്ടും യോഹന്നാന്റെ സുവിശേഷവും മരിച്ചവരുടെ ഉത്ഥാനത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. അവിടുന്നു പറയുന്നു എന്തെന്നാൽ കല്ലറകളിലുള്ളവർ എല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും, തിന്മചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനാലും പുറത്തുവരും. (യോഹ. 5:29) അതിനാൽ നാം ഓരോരുത്തരും ഈ ഭൂമുഖത്തായിരിക്കുമ്പോൾ തന്നെ പുനരുത്ഥാനം ലക്ഷ്യമാക്കി നല്ല പ്രവൃത്തികൾ ചെയ്തു നമ്മുടെയും മറ്റുള്ളവരുടെയും ആത്മരക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ നമുക്ക് കഴിയട്ടെ. ■

# രൂപതാ കാര്യാലയത്തിൽ നിന്ന്

## CATHEDRATICUM RECEIVED (തുടർച്ച)

**2015-16**

| | |
|---|---|
| Assumption Church, Vandiperiyar | 56200.00 |

**2016-17**

| | |
|---|---|
| St. Martin De Porres Church, Adimaly | 13000.00 |
| St. Joseph's Church, Gudarle | 5000.00 |

## TRANSFERS & APPOINTMENTS

1. Rev.Fr. John Viany Mattupilliyil, Parish Priest -in- charge, St. Sebastian's Church, Chathanthara.
2. Rev.Fr. Kuruvilla Augustin Kurisuveettil, Parish Priest -in -charge, St. Joseph's Church, Surainelly.
3. Rev.Fr. Francis Kurisummoottil CFIC, Parish Priest , Mount Carmel Church, Perumpetty.
4. Rev.Fr. Shinto Thomas Veleeparambil, Director of Regional Office of VSSS, ACMIST & MISTS (in addition to the present responsibility)
5. Rev.Fr. Joseph Nelson Avaravila, Regional Director of VSSS & MISTS for Peermade Region (in addition to the present responsibility)

WANTED

വധുവിനെ ആവശ്യമുണ്ട്

**Proposals invited from parents of God fearing girls with good family background for a boy**
**27 yrs, 164 cm, Slim,**
**Middle class family.**
**(St. Mary's Parish, Thellakom)**
**MRF employee Hyderabad,**
**Pursuing CMA**
**Mob: 9447294837, 9400690625**



## ആർച്ച്ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ മെമ്മോറിയൽ
# ദൈവാലയ ഗായകസംഘ മത്സരവും
## ബിഷപ്പ് പീറ്റർ തുരുത്തിക്കോണം മെമ്മോറിയൽ
# പ്രസംഗമത്സരവും

## 2017 ഡിസംബർ 2ന്

പുണ്യസ്മരണാർഹരായ അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെയും അഭിവന്ദ്യ പീറ്റർ തുരുത്തിക്കോണം പിതാവിന്റെയും അനുസ്മരണാർഥം യഥാക്രമം ദൈവാലയ ഗായകസംഘ മത്സരവും പ്രസംഗമത്സരവും ഈ വർഷവും നടത്തപ്പെടുന്നു. 2017 ഡിസംബർ 2-ാം തീയതി ശനിയാഴ്ചയാണ് ഈ വർഷത്തെ രൂപതാതല മത്സരങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. നവംബർ മാസം 15-ാം തീയതിക്കു മുൻപായി മേഖലാതല മത്സരങ്ങൾ നടത്തുവാൻ ഫൊറോനാ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മേഖലാതലത്തിലുള്ള മത്സരങ്ങളിൽ ഒന്നാം സ്ഥാനത്ത് എത്തുന്നവരെ മാത്രം രൂപതാ മത്സരങ്ങളിലേക്ക് അയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. **എല്ലാ ഫൊറാനാകളുടെയും പ്രാതിനിധ്യം 2 മത്സര വിഭാഗങ്ങളിലും ഉറപ്പുവരുത്തുവാൻ ബഹു. ഫൊറോനാ വികാരിമാർ പരിശ്രമിക്കണമെന്നും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.**

I. **ഗായകസംഘ മത്സരത്തിനുള്ള നിബന്ധനകൾ**

a. വിജയപുരം രൂപതയിലെ ഇടവകകളിൽ നിന്നുള്ള അംഗീകൃത ഗായകസംഘങ്ങൾക്ക് മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. പങ്കെടുക്കുന്നവർ കത്തോലിക്കാ തിരുസഭയിൽ അംഗങ്ങൾ ആയിരിക്കണം.

b. സംഘത്തിൽ ഓർഗനിസ്റ്റ് ഉൾപ്പടെ ആറ് അംഗങ്ങൾ ഉണ്ടായിരിക്കണം. പരമാവധി 15 പേർ മാത്രം.

c. ദൈവാലയ ശുശ്രൂഷകളിൽ ആലപിക്കപ്പെടുന്ന ഗാനങ്ങൾ മാത്രമാണ് അനുവദനീയം.

d. പശ്ചാത്തലസംഗീതത്തിനല്ല, പാട്ടിനാണ് പ്രാധാന്യം; അതിനു വ്യക്തത ഉണ്ടായിരിക്കണം. ശ്രുതി, ലയം, താളം ഇവയുടെ അടിസ്ഥാനത്തിലായിരിക്കും വിജയികളെ തെരഞ്ഞെടുക്കുക. ഏകാലാപനം (സോളോ) അനുവദനീയമല്ല.

e. പശ്ചാത്തല സംഗീതത്തിന് ഓർഗൺ മാത്രം ഉപയോഗിക്കാം. എന്നാൽ തൽസമയം വാദനം ചെയ്യണം. സി.ഡി., പെൻഡ്രൈവ് എന്നിവയുടെ ഉപയോഗം അനുവദനീയമല്ല.

f. മത്സര സമയം 10 മിനിറ്റ് ആയിരിക്കും.

g. സ്റ്റേജിൽ മൈക്രോഫോണുകളും മോണിറ്ററും സജ്ജീകരിച്ചിരിക്കും. ഇവ ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്.

h. മേഖലാതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ടീമുകൾ ബഹു. വികാരി അച്ചൻമാരുടെ സാക്ഷ്യപത്രത്തോടൊപ്പം അവതരിപ്പിക്കുന്ന ഗാനത്തിന്റെ ഒരു കൈയ്യെഴുത്തുപ്രതി പരിശോധനക്കായി രൂപതാ മതബോധനകേന്ദ്രത്തിൽ നവംബർ 18-ാം തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. ഈ ഗാനങ്ങൾ മാത്രമേ സ്റ്റേജിൽ അവതരിപ്പിക്കാവൂ.

i. മത്സരത്തെ സംബന്ധിച്ചുള്ള പരാതികൾ മത്സരം അവസാനിച്ച് 15 മിനിറ്റിനുള്ളിൽ 250 രൂപ ഫീസ് സഹിതം എഴുതി സമർപ്പിക്കേണ്ടതാണ്. അപ്പീൽ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

j. ഗായകസംഘ മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്.

II. **പ്രസംഗ മത്സരത്തിനുള്ള നിബന്ധനകൾ**

1. പ്രസംഗ സമയം 5 മിനിറ്റായിരിക്കും.
2. മത്സരത്തിനു 10 മിനിറ്റ് മുമ്പ് മാത്രമേ വിഷയം നൽകപ്പെടുകയുള്ളൂ.
3. മത്സരാർത്ഥികൾ രൂപതാംഗങ്ങളും 15 വയസ്സ് മുതൽ 25 വയസ്സ് വരെ പ്രായപരിധിയിലുള്ളവരുമായിരിക്കണം.
4. സഭാകമ്പം ഇല്ലാതെ സംസാരിക്കാനുള്ള കഴിവ്, അക്ഷരസ്ഫുടത, ഭാഷാശുദ്ധി, ആശയസ്ഫുടത, ധാരാവാഹിത്വം, ശബ്ദനിയന്ത്രണം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും വിജയികളെ തെരഞ്ഞെടുക്കുന്നത്.
5. മേഖലാതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ ബഹു. വികാരി അച്ചൻമാരുടെ സാക്ഷ്യപത്രത്തോടൊപ്പം ഡിസംബർ 02-ാം തീയതി രാവിലെ 9.30 മണിയോടെ രൂപതാ പാസ്റ്ററൽ സെന്ററിലുള്ള രജിസ്ട്രേഷൻ കൗണ്ടറിൽ എത്തിച്ചേരേണ്ടതാണ്. 10 മണിക്ക് മത്സരങ്ങൾ ആരംഭിക്കും.
6. മത്സരത്തെ സംബന്ധിച്ചുള്ള പരാതികൾ മത്സരം അവസാനിച്ച് 15 മിനിറ്റിനുള്ളിൽ 250 രൂപ ഫീസ് സഹിതം എഴുതി സമർപ്പിക്കേണ്ടതാണ്. അപ്പീൽ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

*വികാരി ജനറാൾ*

---




**നവംബർ**

## ജന്മദിനാശംസകൾ

**03 Fr. George Peedikaparambil**
**03 Fr. Varghese Alumkal**
**05 Fr. Pius Kudakassery**
**14 Fr. Joseph Meenaikkodath**
**17 Fr. Tom Jose**
**22 Fr. Mathew Lazar Villukulam**
**29 Fr. Anosh Poovakattutharapel**
**30 Fr. Cleetus Kathirparambil**

Diocese of Vijayapuram

CIRCULAR LETTER

VOL. XII • NO. 04• 2017 • NOVEMBER 2017

# ആഗമനകാലം

**രക്ഷകനെ സ്വീകരിക്കുവാൻ പ്രത്യാശയോടെ ഒരുങ്ങുവാനുള്ള സുവർണ്ണാവസരം.**

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനായി കാത്തിരിക്കുന്ന ദൈവജനത്തിന്റെ അനുഭവ സാക്ഷ്യങ്ങളുടെ ആകെത്തുകയാണല്ലോ പഴയ നിയമം. പാപം ചെയ്ത ആദിമാതാപിതാക്കൾക്ക് ദൈവം നല്കുന്ന ശിക്ഷയും അതോടൊപ്പം അവരെ രക്ഷിക്കുവാനുള്ള പദ്ധതിയും ഉല്പത്തി പുസ്തകത്തിൽ നിന്നും നമുക്കു മനസ്സിലാക്കാം. നേരായ പാതയിലൂടെ നയിക്കുവാൻ ദൈവം പ്രവാചകന്മാരെയും രാജാക്കന്മാരെയും തന്റെ ജനത്തിനായി നല്കുന്നുണ്ട്. യഥാർത്ഥ രക്ഷകൻ കന്യകയിൽ നിന്നുമാണ് പിറക്കുന്നതെന്നും കാരുണ്യവാനായ ദൈവത്തിനു തന്റെ ജനത്തോടൊത്ത് വസിക്കുവാനുള്ള ആഗ്രഹത്തെ വെളിപ്പെടുത്തിക്കൊണ്ട് രക്ഷകൻ "എമ്മാനുവേൽ" (ദൈവം നമ്മോടുകൂടെ) എന്നു വിളിക്കപ്പെടുമെന്നും ഏശയ്യാ പ്രവചിച്ചിട്ടുണ്ട് (ഏശ 7/14). ദാവീദിന്റെ വംശത്തിൽ നിന്നുമാണ് രക്ഷകൻ ജന്മം കൊള്ളുന്നതെന്നും തിരുവചനം സ്പഷ്ടമാക്കുന്നു. (ഏശ 11/1; ജറ: 23/5; റോമ15/12) പ്രവചനങ്ങളുടെ പൂർത്തീകരണവും ദൈവജനത്തിന്റെ സ്വപ്നസാഫല്യവുമായി മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ വംശാവലിയെ സുവിശേഷകർ മൂന്നു പ്രധാന ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. "ഇങ്ങനെ അബ്രഹാം മുതൽ ദാവീദുവരെ പതിന്നാലും, ദാവീദു മുതൽ ബാബിലോൺ പ്രവാസം വരെ പതിന്നാലും ബാബിലോൺ പ്രവാസം മുതൽ ക്രിസ്തുവരെ പതിന്നാലും തലമുറകളാണ് ആകെയുള്ളത്." (മത്താ 1/1-17, ലൂക്ക് 3/23-38). ഈ വംശാവലി വിവരണം സസൂക്ഷ്മം പഠിക്കുമ്പോൾ ബലിഹീനരായ മനുഷ്യരെ ശാക്തീകരിക്കുന്ന ദൈവത്തെയും കൃപകളെ തട്ടിത്തെറിപ്പിച്ചുകൊണ്ട് പാപത്തിന്റെ അഗാധ ഗർത്തങ്ങളിലേക്ക് സ്വയം എടുത്തു ചാടുന്ന മനുഷ്യരെയും അകന്നു പോകുന്ന മനുഷ്യരോട് അടുപ്പം കൂടുവാൻ വെമ്പൽ കൊള്ളുന്ന കരുണാമയനായ സ്രഷ്ടാവിനെയും രക്ഷകനെ പ്രതീക്ഷിച്ചുകൊണ്ട് ജാഗരൂകരാകുന്ന ജനത്തെയും നാം കണ്ടുമുട്ടുന്നു. ആരാധനക്രമത്തിലെ പ്രഥമഘട്ടമായ ആഗമനകാലത്ത് പഴയനിയമത്തിലെ ദൈവജനത്തിന്റെ അനുഭവസാക്ഷ്യങ്ങൾ ധ്യാനിച്ചുകൊണ്ട് രക്ഷകന്റെ രണ്ടാം വരവിനായി തീക്ഷ്ണമായി ഒരുങ്ങുവാനാണ് നാം ശ്രമിക്കേണ്ടത്. ഇതു തന്നെയാണ് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം സമർത്ഥിക്കുന്നത്. "സഭ

ഓരോ വർഷവും ആഗമനകാലത്തിന്റെ ആരാധനക്രമത്തിലൂടെ മിശിഹായെപ്പറ്റിയുള്ള പൂർവ്വകാല പ്രതീക്ഷയെ സന്നിഹിതമാക്കുന്നു. രക്ഷകന്റെ പ്രഥമാഗമനത്തിനു വേണ്ടിയുള്ള ദീർഘമായ തയ്യാറെടുപ്പിൽ പങ്കുചേർന്നുകൊണ്ട് വിശ്വാസികൾ അവിടുത്തെ ദ്വിതീയാഗമനത്തിന് വേണ്ടിയുള്ള തങ്ങളുടെ തീവ്രമായ ആഗ്രഹം നവീകരിക്കുന്നു." (ccc.524)

**നാം ഒരുങ്ങേണ്ടത് എപ്രകാരമാണ്** : ദൈവത്തിന്റെ മനുഷ്യാവതാരം തന്റെ സ്നേഹത്തിന്റെ ബാഹ്യാവിഷ്കാരമാണ്. തന്നെ ഉപേക്ഷിച്ച് പാപം ചെയ്ത മനുഷ്യരുടെ രക്ഷയ്ക്കവേണ്ടി പരിഹാരമനുഷ്ഠിക്കാൻ തയ്യാറായ ദൈവം മനുഷ്യരെ അനുരഞ്ജനത്തിനായി ക്ഷണിക്കുന്നു. രക്ഷകനു വഴിയൊരുക്കുവാൻ വന്ന സ്നാപകയോഹന്നാൻ ഏശയ്യാ പ്രവാചകന്റെ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് മനുഷ്യർ ഏതുവിധമാണ് ഒരുങ്ങേണ്ടതെന്ന് പ്രഖ്യാപിക്കുന്നത് "മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. കർത്താവിനു വഴിയൊരുക്കുവിൻ അവന്റെ പാതകൾ നേരെയാക്കുവിൻ" (ഏശ. 40/4-5 മത്താ. 3/34). പാപത്തെ വെറുത്തുപേക്ഷിച്ച് ഒരു പുതിയ മനുഷ്യനായി ആത്മാവിൽ അഭിഷേകം ചെയ്യപ്പെട്ട് നവീകരണത്തിനായി നാം യോഗ്യരാക്കുന്നതാണ് യഥാർത്ഥമായ മാനസാന്തരമെന്നു പറയുന്നത്. പാപത്തെയും പാപസാഹചര്യങ്ങളെയും ഉപേക്ഷിക്കുവാൻ നമുക്കു കഴിയണം. രക്ഷകൻ നമ്മിലേക്കു കടന്നു വരുന്നതിനും നമുക്ക് രക്ഷകന്റെ ചാരെ ചെന്നു ചേരുന്നതിനുമുള്ള തടസ്സങ്ങൾ കണ്ടറിഞ്ഞ് നീക്കം ചെയ്യുമ്പോഴാണ് പാതകൾ നേരെയാകുന്നത്.

ആഗമനകാലനുഷ്ഠാനങ്ങളിലൂടെ സഭ മുഖ്യമായും ലക്ഷ്യം വയ്ക്കുന്നത് വിധിയാളനായി വീണ്ടും വരുന്ന മനുഷ്യപുത്രനെ സ്വീകരിക്കുവാൻ നമ്മെ സജ്ജരാക്കുകയെന്നതാണ്. അവിടുത്തെ പുനരാഗമനം ആദ്യത്തേതിൽ നിന്നും തീർത്തും വ്യത്യസ്തമായിരിക്കുമെന്ന് സുവിശേഷകന്മാർ സാക്ഷ്യപ്പെടുത്തുന്നു. "അപ്പോൾ ആകാശത്തിൽ മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷപ്പെടും. ഭൂമിയിലെ സർവ്വഗോത്രങ്ങളും വിലപിക്കുകയും മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്വത്തോടും കൂടെ വരുന്നതു കാണുകയും ചെയ്യും. വലിയ കാഹളധ്വനിയോടുകൂടെ തന്റെ ദൂതന്മാരെ അവൻ അയയ്ക്കും. അവർ ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നാലു ദിക്കുകളിലും നിന്ന് അവന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചു കൂട്ടും" (മത്താ. 24:29-31; മർക്കോ. 13:24-31; ലൂക്ക 21:25-33). എന്നാൽ അവിടുന്ന് എപ്പോഴാണു വരുന്നതെന്ന് പിതാവിനല്ലാതെ മറ്റാർക്കും അറിയില്ലെന്ന വസ്തുതയും തിരുവചനങ്ങൾ വ്യക്തമാക്കുന്നുണ്ട് (മത്താ. 24:36-44; മർക്കോ. 13:32-33). അപ്പോസ്തലന്മാർ നൽകിയ മുന്നറിയിപ്പ് ശ്രദ്ധാപൂർവം ഉണർന്നിരിക്കുകയും ജാഗരൂകരായിരിക്കുകയും ചെയ്യണമെന്നാണ്. "കാരണം രാത്രിയിൽ കള്ളൻ എന്നപോലെ കർത്താവിന്റെ ദിനം കടന്നുവരുമെന്ന് നിങ്ങൾക്കു നന്നായി അറിയാം" (1 തെസ്സ. 5:2; 2 പത്രോ. 3:10). "കർത്താവിന്റെ ആഗമനംവരെ ക്ഷമയോടെ കാത്തിരിക്കുവിൻ" (യാക്കോ. 5:7) എന്ന് അഭ്യർത്ഥിക്കുന്ന യാക്കോബ് ശ്ലീഹായുടെ ഉപദേശം ശ്രദ്ധേയമാണ്. "നിങ്ങൾ വിധിക്കപ്പെടാതിരിക്കാൻ, എന്റെ സഹോദരരേ, ഒരുവൻ മറ്റൊരുവന് വിരോധമായി പിറുപിറുക്കരുത് (യാക്കോ. 2:9). സർവ്വോപരി നിങ്ങൾ ആണയിടരുത്. സ്വർഗ്ഗത്തെക്കൊണ്ടും ഭൂമിയെക്കൊണ്ടും മറ്റൊന്നിനെ

ക്കൊണ്ടും അരുത്. ശിക്ഷാവിധിയിൽ വീഴാതിരിക്കുവാൻ നിങ്ങൾ അതേ എന്നു പറയുമ്പോൾ അതെ എന്നും അല്ല എന്നും പറയുമ്പോൾ അല്ല എന്നും ആയിരിക്കട്ടെ (യാക്കോ. 5:12) നമ്മുടെ ജീവിത സാക്ഷ്യങ്ങൾ സത്യമാണോ, ദൈവത്തോടും സഹോദരങ്ങളോടും നീതിപുലർത്തുന്നുണ്ടോ എന്നൊക്കെ വിലയിരുത്തിയാണ് കർത്താവിനായി നാം കാത്തിരിക്കേണ്ടത് എന്നു സാരം. നമ്മുടെ ഒരുക്കത്തെ അർത്ഥവത്താക്കുവാൻ വി. പത്രോസിന്റെ ഉപദേശം നമുക്ക് താല്പര്യപൂർവം ഉൾക്കൊള്ളാം: "വിശുദ്ധ പ്രവാചകന്മാരുടെ വചനങ്ങളും അപ്പോസ്തലന്മാർവഴി നിങ്ങൾക്കു ലഭിച്ചിരിക്കുന്ന കർത്താവായ രക്ഷകന്റെ കല്പനയും നിങ്ങൾ അനുസ്മരിക്കുവിൻ" (2 പത്രോ. 3:2). "ആകയാൽ പ്രിയപ്പെട്ടവരേ, കളങ്കവും കറയും ഇല്ലാതെ സമാധാനത്തിൽ കഴിയുന്നവരായി നിങ്ങൾ അവനു കാണപ്പെടാൻവേണ്ടി ഉത്സാഹിക്കുവിൻ. നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ കൃപയിലും അവനെക്കുറിച്ചുള്ള അറിവിലും നിങ്ങൾ വളരുവിൻ" (2 പത്രോ. 3:17) ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന വിശ്വാസികൾ മറ്റുള്ളവർക്കു മാതൃക നൽകുന്നവരും അവരുടെ നന്മ കാംക്ഷിക്കുന്നവരുമാകണമെന്നാണ് വി. പൗലോസ് അഭ്യർത്ഥിക്കുന്നത് "നിങ്ങൾ സമാധാനത്തിൽ കഴിയുവിൻ. അലസരെ ശാസിക്കുവിൻ, ഭീരുക്കളെ ധൈര്യപ്പെടുത്തുവിൻ, ദുർബലരെ സഹായിക്കുവിൻ. ആരും ആരോടും തിന്മയ്ക്കു പകരം തിന്മ ചെയ്യാതിരിക്കാനും തമ്മിൽത്തമ്മിൽ എല്ലാവരോടും നന്മ ചെയ്യുവാനും ശ്രദ്ധിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ, ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്. പ്രവചനങ്ങളെ നിർവീര്യമാക്കരുത്. എല്ലാം പരിശോധിച്ചു നോക്കുവിൻ. നല്ലവയെ മുറുകെപ്പിടിക്കുവിൻ. എല്ലാത്തരം തിന്മയിലും നിങ്ങൾ അകന്നുനിൽക്കുകയും ചെയ്യുവിൻ" (1 തെസ്സ. 5:14-22). ദൈവവചനം വായിച്ചും ധ്യാനിച്ചും ദൈവികകാര്യങ്ങൾ ഉൾക്കൊണ്ട് കൗദാശിക ജീവിതത്തിൽ സജീവമായും സ്വന്തം വിശുദ്ധീകരണത്തിനും മറ്റുള്ളവരുടെ വിശുദ്ധീകരണത്തിനുമായി പരിശ്രമിക്കുന്നതിനുള്ള അവസരമായി ആഗമനകാലത്തെ ഫലപ്രദമാക്കുവാൻ നമുക്കു കഴിയണം. ആധുനിക സമ്പർക്ക മാധ്യമങ്ങൾക്ക് അടിമപ്പെടുന്നവർ ഒറ്റപ്പെട്ട തുരുത്തുകളായി മാറുന്നു. മറ്റുള്ളവരുടെ സാന്നിധ്യം അവരെ അലോസരപ്പെടുത്തുന്നു. വ്യക്തിബന്ധങ്ങൾ തകർക്കപ്പെടുന്നു. നിരാശയുടെ പടുകുഴിയിലേക്കു അവർ സ്വയം നിപതിക്കുന്നു. ഈ വസ്തുത തിരിച്ചറിഞ്ഞ് പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മ അനുഭവിക്കുവാൻ കുടുംബങ്ങൾക്കും വ്യക്തികൾക്കും കഴിയണം. ഒന്നിച്ചു പ്രാർത്ഥിക്കാം. ഒരുമിച്ചു ഭക്ഷിക്കാം. കൂട്ടായി ഉല്ലസിക്കാം. നമ്മുടെ കൂട്ടായ്മയെ തകർക്കുന്ന എല്ലാറ്റിനെയും, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, ധൂർത്ത്, ആർഭാടം തുടങ്ങിയവയെ പാടേ വെടിഞ്ഞ് ജീവിക്കുമ്പോൾ കർത്താവ് ഏതു നിമിഷം വന്നാലും നാം സ്വീകൃതരാവും.

**വിമലഗിരി മാതാവിനു സ്വീകരണവും കത്തീഡ്രലിൽ തിരുനാളും**

ദൈവമാതാവ് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി വിമലഗിരി മാതാവിന്റെ തിരുസ്വരൂപം നമ്മുടെ എല്ലാ ഇടവകകളിലേക്കും സംവഹിക്കപ്പെടുകയാണല്ലോ. കന്യകാമറിയം യേശുവിനെ ഉദരത്തിൽ വഹിച്ചുകൊണ്ട് തന്റെ ചാർച്ചക്കാരിയായ എലിസബേത്തിനെ സന്ദർശിക്കുവാൻ പോയ സംഭവം ഇവിടെ

സ്മരണിയമാണ്. പ. മറിയം എന്റെ കർത്താവിന്റെ അമ്മ എന്ന് ഇദംപ്രഥമായി സംബോധന ചെയ്യപ്പെട്ടത്, എലിസബേത്തിന്റെ ഉദരത്തിൽ ഗർഭസ്ഥ ശിശുവായ യോഹന്നാൻ കുതിച്ചു ചാടുന്നത്, ഏറ്റവും മനോഹരമായ സ്തോത്രഗീതം ആലപിക്കപ്പെട്ടത്, എന്നീ സ്നേഹോഷ്മളങ്ങളായ സംഭവങ്ങൾ ഒരിക്കൽക്കൂടി നമ്മുടെ സ്മൃതിപഥത്തിൽ കൊണ്ടുവരാനുള്ള അവസരമാണ് പരി. വിമലഗിരി മാതാവിന്റെ സന്ദർശനം പ്രദാനം ചെയ്യുന്നത്. വളരെയധികം ആവേശത്തോടും ആത്മാവബോധത്തോടുമാണ് അമ്മക്ക് ഏവരും സ്വീകരണമൊരുക്കുന്നതെന്നു ഞാൻ മനസ്സിലാക്കുന്നു. അനുരഞ്ജന കൂദാശ സ്വീകരിച്ച് തികഞ്ഞ വരപ്രസാദത്തോടെ പ. ജനനിക്കു സ്വാഗതമോതുമ്പോൾ യേശുനാഥൻ കൂടുതൽ സംപ്രീതനാവുകയും അനുഗ്രഹവർഷങ്ങൾ നമ്മുടെമേൽ ചൊരിയുകയും ചെയ്യുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തെ കുറിച്ച് കൂടുതൽ പഠിക്കുന്നതിനും ധ്യാനിക്കുന്നതിനും സഹായകമാകത്തക്കവിധം ഫാ. മൈക്കിൾ ഇഗെയ്റ്റലി തയ്യാറാക്കിയ "സ്വർഗ്ഗീയ പ്രഭാതത്തിലേക്ക് 33 ദിവസങ്ങൾ" മരിയൻ സമർപ്പണത്തിലേക്കുള്ള ഒരു തന്നൊരുക്ക ധ്യാനം, തിരുനാൾ സമാപനദിനംവരെ നമ്മുടെ എല്ലാം കുടുംബങ്ങളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കണമെന്ന് ശുപാർശ ചെയ്യുന്നു. നിങ്ങളുടെ സൗകര്യപ്രദമായ സമയത്ത് കുടുംബത്തിലെയും സന്യാസ സമൂഹങ്ങളിലെയും അംഗങ്ങൾ ഒരുമിച്ചുകൂടി ഒരാൾ ഉച്ചത്തിൽ വായിക്കുന്നത് ഉചിതമായിരിക്കും. നമ്മുടെ ഭദ്രാസന ദൈവാലയമായ വിമലഗിരി കത്തീഡ്രലിലെ തിരുനാളിന് കൊടിയേറുന്ന നവംബർ 29-ാം തീയതി പ. അമ്മയുടെ തിരുസ്വരൂപം കത്തീഡ്രലിൽ എത്തക്കവിധമാണ് സന്ദർശനം ക്രമീകരിച്ചിരിട്ടുള്ളത്. അന്നേ ദിവസം നമ്മുടെ വൈദികരുടെയും പ്രതിനിധികളുടെയും സന്യസ്തരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നുണ്ട്. ഓരോ ഇടവകയിലേക്കുമുള്ള പതാകകൾ അന്ന് ആശീർവ്വദിച്ച് നല്ക്കുന്നതുമായിരിക്കും.

കത്തീഡ്രൽ തിരുനാൾ രൂപതാമക്കളേവരുടെയും ആഘോഷത്തിന്റെ അവസരമായിട്ടാണല്ലോ നാം കണക്കാക്കുന്നത്. തിരുനാൾദിനങ്ങളിൽ വിവിധ മേഖലകളിൽനിന്നും ഇടവകകളിൽ നിന്നും തീർത്ഥാടക സംഘങ്ങൾ എത്തിച്ചേരുന്നത് അനുഗ്രഹപ്രദമായിരിക്കും. ദൂരെ നിന്നും കാൽനടയായി എത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ ബഹു. വൈദികരും സന്ന്യസ്തരും അല്മായ നേതാക്കളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രൂപതാദിനമായ ഡിസംബർ 8-ാം തീയതി എല്ലാ ഇടവകകളിൽ നിന്നും കഴിയുന്നത്ര രൂപതാമക്കൾ ഉച്ചയോടുകൂടി കോട്ടയം നല്ല ഇടയൻ ദൈവാലയാങ്കണത്തിൽ എത്തിച്ചേരുകയും 2 മണിക്ക് ആരംഭിക്കുന്ന വിശ്വാസ പ്രഘോഷണ റാലിയിൽ പങ്കെടുക്കുകയും വേണം. ഉച്ചഭക്ഷണം സൗകര്യപ്പെടുത്തുന്നതിനായി എത്തിച്ചേരുന്ന വിശ്വാസികളുടെ എണ്ണം മുൻകൂട്ടി അറിയിക്കുവാൻ ബഹു. വികാരി അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. 3 മണിക്ക് നമ്മുടെ എല്ലാ വൈദികരുമൊത്തുള്ള സമൂഹബലിയുടെ പ്രവേശന പ്രദക്ഷിണത്തിൽ ഓരോ ഇടവകയ്ക്കുമുള്ള മിഷൻ കുരിശു വഹിച്ചുകൊണ്ട് ഇടവക പ്രതിനിധികൾ അണിചേരേണ്ടതാണ്. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിമലഗിരി മാതാവിന്റെ തിരുനാൾ നമുക്കും നമ്മുടെ കുടുംബാഗങ്ങൾക്കും നമ്മുടെ നാടിനും

ലോകത്തിനും ദൈവാനുഗ്രഹം സമൃദ്ധമായി ലഭ്യമാകാനുള്ള അവസരമാകുന്നതിനായി ഏവരും ആത്മാർത്ഥമായി സർവ്വേശ്വരനോട് പ്രാർത്ഥിക്കണമേയെന്ന് അപേക്ഷിക്കുന്നു.

തിരുപ്പിറവിയുടെയും പുതുവത്സരത്തിന്റെയും എല്ലാവിധ മംഗളങ്ങളും അതീവ സന്തോഷത്തോടെ ആശംസിച്ചുകൊണ്ടും, പരി. വിമലഗിരി നാഥയുടെ സംരക്ഷണത്തിൽ നിങ്ങളേവരെയും ഒരിക്കൽകൂടി സമർപ്പിച്ചുകൊണ്ടും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിച്ചുകൊള്ളുന്നു.

കോട്ടയം
28-10-2017

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

*NB: ഈ സർക്കുലർ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും 2017 നവംബർ 26-ാം. തീയതി ഞായറാഴ്ച ദിവ്യബലിമധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.*

## കോട്ടയം വിമലഗിരി കത്തീഡ്രലിൽ

# പരി. വിമലഗിരി മാതാവിന്റെ അമലോത്ഭവ തിരുനാൾ

## 2017 നവംബർ 29 മുതൽ ഡിസംബർ 8 വരെ

**2017 നവംബർ 29 ബുധൻ**

5.00 pm. : **പരി. വിമലഗിരിമാതാവിന്റെ തിരുസ്വരൂപത്തിന് സ്വീകരണം.**

5.15 pm. : **തിരുനാൾ കൊടിയേറ്റ്**
**അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്**
തുടർന്ന് **ദിവ്യബലി, വചനപ്രഘോഷണം,** നൊവേന

**എല്ലാദിവസവും വൈകുന്നേരം 5ന് ജപമാല, 5.30ന് ദിവ്യബലി, വചനപ്രഘോഷണം നൊവേന.**

**2017 ഡിസംബർ 07 വ്യാഴം**

ദിവ്യബലിയും നൊവേനയ്ക്കും ശേഷം. :
**ആഘോഷമായ സായാഹ്ന പ്രദക്ഷിണം**

**2017 ഡിസംബർ 08 വെള്ളി (തിരുനാൾ സമാപനം)**

7.00 am. : **ദിവ്യബലി**

9.00 am. : **ദിവ്യബലി** (ഗ്രിഗോറിയൻ ക്രമത്തിൽ)
**റവ. ഫാ. ലോറൻസ് ബുദ്ധ**
(സുപ്പീരിയർ, ഉത്ഥാനാശ്രമം, ആനവിലാസം, കുമളി)

2.00 pm. : **വിമലഗിരി തീർത്ഥാടന റാലി**

**(ഗുഡ്ഷെപ്പേർഡ് ദൈവാലയത്തിൽ നിന്നും വിമലഗിരി കത്തീഡ്രലിലേയ്ക്ക്)**

3.00 pm. : **ആഘോഷമായ തിരുനാൾ സമൂഹബലി**
മുഖ്യകാർമ്മികൻ

**അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്**

*(രൂപതയിലെ എല്ലാ വൈദികരും സഹകാർമ്മികത്വം വഹിക്കുന്നു)*

5.30 pm. : **ദിവ്യകാരുണ്യ പ്രദക്ഷിണം, നേർച്ചവിതരണം.**

Diocese of Vijayapuram

CIRCULAR LETTER

VOL. XII • NO. 03• 2017 • OCTOBER 2017

# ആഗോള മിഷൻ ഞായർ: പ്രേഷിത ശുശ്രൂഷയ്ക്കായ് സ്വയാർപ്പണം

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

നമ്മുടെ മിഷൻ ചൈതന്യത്തെ ഉണർത്തുന്നതിനും സുവിശേഷ സാക്ഷ്യ ജീവിതത്തിലൂടെ മിഷനറിയായിത്തീരേണ്ട നമ്മുടെ വിളിയെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതിനുമായി വീണ്ടുമൊരു മിഷൻ ഞായർ സാർവ്വത്രിക സഭ ഒക്ടോബർ 22-ാം തീയതി ആഘോഷിക്കുകയാണല്ലോ. "ഓരോ ക്രൈസ്തവനും യേശുക്രിസ്തുവിൽ ദൈവസ്നേഹം അനുഭവിച്ചതിന്റെ അളവനുസരിച്ച് ഒരു മിഷനറിയാണ്" (സുവിശേഷത്തിന്റെ സന്തോഷം, 120) എന്ന പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ നമ്മുടെ ഓർമ്മയിലേക്ക് കൊണ്ടുവരുന്നത് ഉചിതമായിരിക്കും. അങ്ങനെയെങ്കിൽ എല്ലാ ക്രൈസ്തവർക്കുമുള്ള ഉണർത്തുപാട്ടാണീ മിഷൻ ഞായർ.

ഈ വർഷത്തെ മിഷൻ ഞായർ ആഘോഷങ്ങളെ കൂടുതൽ അർത്ഥവത്താക്കുന്ന ചില ഘടകങ്ങൾ കൂടിയുണ്ട്. യുവാക്കളെകുറിച്ച് ചിന്തിക്കുവാനും പഠിക്കുവാനുമായി ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്ത അടുത്തവർഷം നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സാധാരണ സിനഡും കേരള ലത്തീൻ സഭയിൽ നടത്തപ്പെടുന്ന മിഷൻ കോൺഗ്രസ്സും ബി.സി.സി കൺവെൻഷനും മാതാവ് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ആഘോഷവും അതിനോടനുബന്ധിച്ച് നമ്മുടെ രൂപതയിൽ നടത്തപ്പെടുന്ന വിമലഗിരി മാതാവിന്റെ തിരുസ്വരൂപ പ്രയാണവും നമ്മുടെ മിഷൻ പ്രവർത്തനത്തിന് കൂടുതൽ ശക്തി പകരുന്നു. ഈ ആഘോഷങ്ങളെല്ലാം വിരൽചൂണ്ടുന്നത് ഈ വർഷത്തെ മിഷൻ ഞായറിന്റെ പ്രമേയമായ "ക്രിസ്തീയ വിശ്വാസത്തിന്റെ ഹൃദയമാണ് മിഷൻ പ്രവർത്തനം" (Mission is the heart of Christian Faith) എന്ന സത്യത്തിലേയ്ക്കാണ്.

## ശിഷ്യത്വത്തിൽ നിന്നും രൂപപ്പെടുന്ന പ്രേഷിതദൗത്യം

മത്തായിയുടെ സുവിഷേത്തിന്റെ അവസാനഭാഗത്ത് ക്രിസ്തു ശിഷ്യർക്ക് നൽകുന്ന പ്രേഷിതദൗത്യം തന്നെയാണ് സഭയുടെ പ്രേഷിത ചൈതന്യത്തിന്റെ അടിസ്ഥാനം. പുത്രൻ പിതാവിനാൽ അയയ്ക്കപ്പെട്ടിരിക്കുന്നപോലെ, പുത്രൻ ശ്ലീഹന്മാരെ അയച്ചുകൊണ്ട് പറയുന്നു. "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19) "മിശിഹായെ ലോകത്തിനു മുഴുവൻ രക്ഷയുടെ മൂലതത്ത്വമായി സ്ഥാപിച്ച ദൈവപദ്ധതി ഫലപ്രദമായി പൂർത്തീകരിക്കുന്നതിൽ സഹകരിക്കാൻ സഭ അരൂപിയാൽ നിർബന്ധിപ്പിക്കപ്പെടുന്നു." (ജനതകളുടെ പ്രകാശം, 17 (രണ്ടാം വത്തിക്കാൻ

കൗൺസിൽ പ്രമാണരേഖ)). അതിനാൽ മിഷനറി ചൈതന്യത്തിൽ നിന്ന് പിൻമാറാൻ സഭാതനയർക്ക് ആവില്ല.

സുവിശേഷം നൽകുന്ന ഈ ഉൾവിളിയാണ് "സുവിശേഷ വെളിച്ചം ആവശ്യമായിരിക്കുന്ന എല്ലാ അതിരുകളിലേക്കും എത്തുന്നതിനുവേണ്ടി നമ്മുടെ ആശ്വാസമേഖലവിട്ടുപോകുവാൻ" (സുവിശേഷത്തിന്റെ സന്തോഷം, 20) നമ്മെ പ്രചോദിപ്പിക്കുന്നത്. ആർക്കും എടുത്തുമാറ്റാനാവാത്ത ആർക്കും ഒഴിഞ്ഞുമാറാനാവാത്ത ഈ പ്രേഷിതദൗത്യത്തിന്റെ ആഴങ്ങൾ തിരിച്ചറിഞ്ഞതുകൊണ്ടാണ് വി. പൗലോസ് അപ്പോസ്തോലൻ പറഞ്ഞത്, "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കൊറി 9:16).

"എല്ലാവരും രക്ഷപ്പെടണമെന്നും സത്യം അറിയണമെന്നും ആണ് അവിടുന്ന് ആഗ്രഹിക്കുന്നത്" (1 തിമോ 2:4). ക്രിസ്തുവിന്റെ ഈ ആഗ്രഹത്തിലുള്ള നമ്മുടെ പങ്കാളിത്തമാണ് നമ്മുടെ മിഷൻ പ്രവർത്തനം. "മറ്റുള്ളവരിലേക്ക് ദൈവം വന്നു ചേരണമെന്ന് ഓരോ യഥാർത്ഥ ക്രിസ്ത്യാനിയും ആഗ്രഹിക്കുന്നതോടുകൂടുയാണ് പ്രേഷിതവിളിയുടെ യാത്ര ആരംഭിക്കുന്നത്." (യുക്യാറ്റ്.11)

## മിഷൻ പ്രവർത്തനത്തിന്റെ അടിസ്ഥാനം

എന്താണ് ഒരു ക്രിസ്ത്യാനിയുടെ മിഷൻ പ്രവർത്തനത്തിന്റെ അടിസ്ഥാനം? യേശു ശിഷ്യർക്ക് പ്രേഷിത ദൗത്യം നൽകുന്ന സുവിശേഷ ഭാഗത്ത് തന്നെ അതിനുള്ള ഉത്തരമുണ്ട്. ലോകമെങ്ങും സുവിശേഷ സാക്ഷികളാകുവാൻ ആഹ്വാനം ചെയ്തശേഷം ക്രിസ്തു കൂട്ടിച്ചേർത്തു. "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും." (മത്താ: 28:20). ക്രിസ്തു നമ്മുടെ പ്രേഷിതയാത്രയിൽ കൂടെയുണ്ടെന്ന ഉറപ്പാണ് നമ്മുടെ ശക്തി.

വി. പൗലോസ് അപ്പോസ്തോലൻ ഇതിന് വ്യക്തമായൊരു ദർശനം നൽകുന്നുണ്ട്. "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു." (2 കൊറി 5:14). ദൈവ സ്നേഹത്തിൽനിന്നും ദൈവം കൂടെയുണ്ടെന്ന ഉറപ്പിൽനിന്നുമാണ് മിഷൻ പ്രവർത്തനം തുടങ്ങേണ്ടത്. മനുഷ്യന്റെ കൂടെ നിരന്തരം യാത്ര ചെയ്യുന്ന ദൈവം, തന്റെ കൂടെ യാത്ര ചെയ്യുവാൻ സഭാമക്കളെ ക്ഷണിക്കുന്നു. ഈ ക്ഷണത്തിനുള്ള മറുപടികൂടെയാണ് നമ്മുടെ പ്രേഷിത ജീവിതം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, "ദൈവത്തിന് എല്ലാ മനുഷ്യരോടുമുള്ള സ്നേഹത്തിൽ നിന്നാണ് സഭ ഓരോ കാലഘട്ടത്തിലും തന്റെ പ്രേഷിത ചൈതന്യശക്തി സ്വീകരിക്കുന്നത്." (കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം, 851). ക്രിസ്തുവും ക്രിസ്തുവിന്റെ സ്നേഹവുമാകട്ടെ നമ്മുടെ പ്രേഷിത ജീവിതശൈലിയുടെ അടിസ്ഥാനം.

## മിഷൻ പ്രവർത്തനശൈലി

എന്തായിരിക്കണം ഒരു മിഷനറിയുടെ പ്രവർത്തനശൈലി? ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ ഇതിനുള്ള ഉത്തരമുണ്ട്. "സഭ വളരുന്നത് മതപരിവർത്തനം കൊണ്ടല്ല 'ആകർഷണം' കൊണ്ടാണ്." (സുവിശേഷത്തിന്റെ സന്തോഷം, 14). ഇത് ഒരാൾ സുവിശേഷ സാക്ഷ്യ ജീവിതം നയിക്കുമ്പോൾ ഉണ്ടാകുന്ന ആകർഷണമാണ്. ഇതിൽ നിന്ന് ആർക്കും മാറിനിൽക്കാനാവില്ല. കാരണം "മിശിഹായുടെ ഓരോ ശിഷ്യനും തന്റെ കഴിവിനൊത്ത് വിശ്വാസം പ്രചരിപ്പിക്കുവാൻ കടപ്പെട്ടിരിക്കുന്നു." (ബെനഡിക്റ്റ് XV). വൈദി

കർ, സന്യസ്തർ, മാതാപിതാക്കൾ, അല്മായർ എല്ലാ ജീവിത ശ്രേണിയിലുള്ളവരും ഇതിനായി വിളിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ മിഷൻ ശൈലി എന്തായിരിക്കണമെന്നു വ്യക്തമാക്കാൻ കൽക്കട്ടായിലെ വിശുദ്ധ തെരേസ നല്ലൊരു ഉപമ ഉപയോഗിക്കുന്നു. “തെരുവുകളിലൂടെ വൈദ്യുത കമ്പികൾ സ്ഥാപിച്ചിരിക്കുന്നത് നാം കണ്ടിട്ടുണ്ട്. അവയിലൂടെ വൈദ്യുതി പ്രവഹിക്കുന്നില്ലെങ്കിൽ പ്രകാശമുണ്ടാകുകയില്ല. ഈ വൈദ്യുതകമ്പി നിങ്ങളും ഞാനുമാണ്; വൈദ്യുതി ദൈവവും. നമ്മിലൂടെ വൈദ്യുതി ഒഴുകാൻ അനുവദിക്കാനും അങ്ങനെ ലോകത്തിനു പ്രകാശം നൽകുവാനും നമുക്കു കഴിയും. ലോകത്തിന്റെ പ്രകാശം യേശുവാണ്.” ഇതാണ് ഓരോ ക്രിസ്ത്യാനിയുടെയും പ്രേഷിത പ്രവർത്തനശൈലി. ക്രിസ്തു നമ്മിലൂടെ ജീവിക്കുവാൻ അനുവദിക്കലാണ് നമ്മുടെ പ്രേഷിത ശൈലി.

മിഷൻ കോൺഗ്രസും ബി.സി.സി. കൺവെൻഷനും ലക്ഷ്യം വയ്ക്കുന്നതും ദൈവവചനം എങ്ങനെ ജീവിക്കുവാൻ സാധിക്കും എന്നതാണല്ലോ. നാം ജീവിക്കുന്ന സാഹചര്യങ്ങളിൽ സുവിശേഷത്തിന് സാക്ഷ്യം നൽകുമ്പോൾ ഈ ലക്ഷ്യം പ്രാപിക്കാനാവും.

ഇത്തരത്തിലുള്ള പ്രേഷിതശൈലിക്ക് പ്രായപരിധിയോ സ്ഥലപരിധിയോ ഇല്ല. അതിനാലാണ് ഫ്രാൻസിസ് പാപ്പ പറഞ്ഞത്, “യുവജനങ്ങൾ തെരുവുപ്രഭാഷകർ ആയിരിക്കുന്നത് എത്ര മനോഹരമായ കാഴ്ചയാണ് എന്ന്. അവർ യേശുവിനെ സന്തോഷപൂർവ്വം ഓരോ തെരുവിലേക്കു ഓരോ പട്ടണചത്വരങ്ങളിലേക്കും കൊണ്ടുപോകുന്നു.” (സുവിശേഷത്തിന്റെ സന്തോഷം, 106). യുവജനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ പോകുന്ന മെത്രാന്മാരുടെ സാധാരണ സിനഡിന്റെ പശ്ചാത്തലത്തിൽ ഈ വാക്കുകൾക്ക് പ്രസക്തിയേറുന്നു. നമ്മുടെ യുവാക്കൾ യേശുവാഹകരായി നമ്മുടെ ഇടങ്ങളിൽ വ്യാപരിക്കാൻ ഈ മിഷൻ ഞായർ ആചരണം സഹായിക്കട്ടെയെന്ന് ഞാൻ ആശംസിക്കുകയും അതിനായി അവരെ ക്ഷണിക്കുകയും ചെയ്യുന്നു. നമ്മുടെ വ്യക്തിപരമായ ജീവിതം, കുടുംബങ്ങൾ, ജോലി മേഖലകൾ, ഇടവകകൾ സമൂഹം എല്ലാം സുവിശേഷ സാക്ഷ്യ ജീവിതത്തിന്റെ അരങ്ങുകളാവട്ടെ.

## മിഷൻ ഞായർ ആചരണം നമ്മുടെ രൂപതയിൽ

മിഷനറിമാരാൽ പടുത്തുയർത്തിയ വിജയപുരം രൂപതാ മക്കളായ നാം പ്രകൃത്യാ മിഷൻ സ്വഭാവം ആർജ്ജിച്ചവരാണ്. അതിന്റെ തെളിവാണല്ലോ സാർവ്വത്രിക മിഷൻ ഞായറാഴ്ചയോടുള്ള നമ്മുടെ പ്രതികരണം. ഈ വർഷവും പതിവുപോലെ ഇടവകകളിൽ മിഷൻ ഞായർ ആചരണം ശക്തമായ മിഷൻ ചൈതന്യത്തോടും സഭയുടെ മിഷൻ പ്രവർത്തനത്തോടുള്ള സ്നേഹത്താലും നടത്തപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ വർഷം മിഷൻ ഞായർ ആഘോഷങ്ങളുടെ ഭാഗമായി നമ്മുടെ മക്കൾക്ക് പ്രത്യേകിച്ച് യുവജനതയ്ക്ക് സഭയുടെ മിഷൻ പ്രവർത്തനത്തിൽ സജീവമാകുവാൻ ഉപകരിക്കത്തക്ക പഠനകളരികൾ ഓരോ ഇടവകയിലും സ്ഥാപനങ്ങളിലും നടത്തുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. നമ്മുടെ കുടുംബങ്ങളിൽ നിന്ന് സവിശേഷമായ ദൈവവിളി ഉണ്ടാകണമെയെന്നു പ്രത്യേകം പ്രാർത്ഥിക്കണം. കൂടാതെ സഭയുടെ പ്രേക്ഷിത പ്രവർത്തനങ്ങൾക്കായി

ഇടവക മുഴുവനും പങ്കുചേരുകയും ഉദാരമായി മിഷൻ സംഭാവന നൽകുകയും വേണം. സ്നേഹത്തോടും സമർപ്പണത്തോടും നൽകുന്ന ഓരോ ചില്ലികാശിനും വിലയുണ്ട്. കഴിഞ്ഞ വർഷം നാം 23,50,500 രൂപ മിഷൻ സംഭാവനയായി പരിശുദ്ധ പിതാവിന് അയച്ചു കൊടുത്തു. കഴിഞ്ഞ വർഷം കൂടുതൽ മിഷൻ ഞായർ സംഭാവന നൽകി സമ്മാനം നേടിയ ഇടവകകളേയും സ്ഥാപനങ്ങളേയും ആത്മാർത്ഥമായി അഭിനന്ദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. ഇതിനായി നേതൃത്വം നൽകിയ വൈദികരെയും സന്യസ്തരെയും അലമായ നേതാക്കളെയും നന്ദിയോടെ ഓർക്കുന്നു. സാർവ്വത്രിക സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനായി പരിശുദ്ധ പിതാവിന് അയച്ചുകൊടുക്കാനുള്ള തുക ഈ വർഷവും ഡിസംബർ 31-ന് മുൻപായി കൂരിയായിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഫാത്തിമയിൽ മാതാവ് പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദിവർഷത്തോട് അനുബന്ധിച്ച് നടത്തപ്പെടുന്ന വിമലഗിരി മാതാവിന്റെ തിരുസ്വരൂപ പ്രയാണം നമ്മുടെ ഇടവകകളിൽ എത്തുന്ന ഈ ദിനങ്ങൾ അനുഗ്രഹപൂർണ്ണമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഒപ്പം പരിശുദ്ധ അമ്മയുടെ പ്രേഷിത ചൈതന്യം നമ്മുക്കും മാതൃകയാകട്ടെ. ദൈവഹിതത്തിന് എളിമപ്പെടാനും ദൈവവചനത്തിന് സാക്ഷ്യമേകാനും വിമലഗിരിമാതാവിന്റെ മാദ്ധ്യസ്ഥ്യം നമ്മുടെ കൂടെ ഉണ്ടായിരിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്, നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചുകൊള്ളുന്നു.

## പരേതരെ സ്മരിക്കാം – നവംബർ

| | | |
|---|---|---|
| 7 | (1984) | Msgr.Jacob Vellaringatt |
| 12 | (1981) | Fr.Benedict OCD |
| 13 | (2007) | Fr.Vigilius Chiriyankandathil |
| 14 | (1996) | Fr.Jovakkim Kanakkanchery |
| 24 | (1931) | Fr.Marian OCD |
| 25 | (2000) | Fr.Felicissimo OCD |
| 29 | (2012) | Fr.Paul Kanatt |



**Heliburia Church**

അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്
അടിസ്ഥാന ശിലാശീർവ്വാദം നടത്തുന്നു.

# ചരിത്രനിയോഗമായി വല്ലാർപാടം മിഷൻ കോൺഗ്രസ്സ്– ബി.സി.സി. കൺവെൻഷൻ

അഡ്വ. ഹെൻറി ജോൺ

**കേ**രള സഭാ ചരിത്രത്തിന്റെ താളുകളിൽ സുവർണ്ണ ലിപികളിൽ എഴുതി ചേർക്കപ്പെട്ടിരിക്കുകയാണ് 2017 ഒക്ടോബർ 06 മുതൽ 08 വരെ ദേശീയ മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കാ ദൈവാലയത്തിൽ വച്ചു നടന്ന മിഷൻകോൺഗ്രസ്സ്– ബി.സി.സി. കൺവൻഷൻ 2017. സംഘാടക മിഴിവുകൊണ്ടും പ്രൗഢോജ്ജ്വലമായ പരിപാടികൾ കൊണ്ടും കേരള ലത്തീൻ സഭയുടെ ഓജസ്സും കരുത്തും വെളിവാക്കുന്നവയായിരുന്നു അവിടെ നടന്ന കാര്യക്രമങ്ങൾ. 4000 ലധികം ജനങ്ങളെ ഉൾക്കൊള്ളാൻ സാധിക്കുന്ന പടുകൂറ്റൻ പന്തൽ, നയനമനോഹരവും ഹരിതസന്ദേശം ഉദ്ഘോഷിക്കുന്നതുമായ കമനീയമായ സ്റ്റേജ്, കറയറ്റ രീതിയിൽ ക്രമീകരിച്ചിരിക്കുന്ന വിവിധ സെക്ടറുകൾ, എന്തിനും എവിടെയും ലഭ്യമാക്കിയിരുന്ന വോളന്റീയർമാരുടെ സേവനം തുടങ്ങി എല്ലാവിധത്തിലും വല്ലാർപാടത്തമ്മയുടെ തിരുസന്നിധിയിൽ നടത്തിയ ഈ സംഗമത്തിന്റെ നടത്തിപ്പ് ഏറ്റം മികവുറ്റതായിരുന്നു.

12 രൂപതകൾക്കുമായി വെവ്വേറെ തയ്യാറാക്കിയ കൗണ്ടറുകളിൽ പ്രതിനിധികൾക്കുള്ള രജിസ്ട്രേഷൻ 6–ാം തീയതി രാവിലെ 8.30 ന് ആരംഭിച്ചു. മുൻനിരയിൽ അഭിവന്ദ്യ പിതാക്കന്മാർ, തൊട്ടുപുറകിലായി വിശിഷ്ടാതിഥികൾക്കുള്ള ലോഞ്ച്, നിശ്ചയിക്കപ്പെട്ട 20 സെക്ടറുകളിലായി 3500 പ്രതിനിധികൾ, എന്നീ ക്രമത്തിലായിരുന്നു ഇരിപ്പിടങ്ങൾ സജ്ജീകരിച്ചിരുന്നത്. 9 മണിക്ക് കൊച്ചിൻ ആർട്ട്സ് & കമ്മ്യൂണിക്കേഷൻസിന്റെ നേതൃത്വത്തിൽ നടന്ന സംഗീത ശുശ്രൂഷ ചരിത്ര പ്രാധാന്യമേറിയ മിഷൻ കോൺഗ്രസ്സ്–ബി.സി.സി. കൺവെൻഷന്റെ പശ്ചാത്തലമൊരുക്കി. കൃത്യം 9.25ന് കേരള ലത്തീൻ സഭയിലെ മെത്രാന്മാർ, ഇന്ത്യയിലെ



അപ്പസ്തോലിക് ന്യൂൺഷ്യോ അഭിവന്ദ്യ ജാംബത്തിസ്ത ദിക്വാത്രോ, സി.സി.ബി.ഐ. പ്രസിഡന്റും മുംബൈ ആർച്ച് ബിഷപ്പുമായ കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, മറ്റു മെത്രാന്മാർ, സാമൂഹിക-രാഷ്ട്രീയ സാമുദായിക രംഗങ്ങളിലെ ശ്രേഷ്ഠർ എന്നിവരുൾപ്പെടുന്ന വിശിഷ്ടാതിഥി കളെ വേദിയിലേക്ക് ബാന്റുമേളത്തിന്റെയും ചവിട്ടുനാടക ശീലുകളുടെയും അകമ്പടിയോടെ ഹാർദ്ദമായി സ്വീകരിച്ചു.

നയനസുന്ദരവും വിഷയപ്രസക്തിയുടെ ആവിഷ്കാരവുമായ അത്യന്തം വിസ്മനീയമായ കാഴ്ചയായി ഒരുക്കിയ സമ്മേളന വേദിയുടെ അനാവരണ ചടങ്ങായിരുന്നു ആദ്യം നടന്നത്. റവ.ഫാ. ജോൺ കാപ്പിസ്റ്റൻ ലോപ്പസ്, ശ്രീ. ജോസഫ് നെല്ലിക്കൽ എന്നിവരുടെ മഹനീയ നേതൃത്വത്തിൽ സജ്ജീ കരിക്കപ്പെട്ട വേദി ഏവരുടെയും മുക്തകണ്ഠ പ്രശംസ ആദ്യമേ പിടിച്ചുപറ്റി. സുൽത്താൻപേട്ട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പീറ്റർ അബിർ അന്തോണി സാമിയുടെ കാർമ്മികത്വത്തിൽ ആഘോഷമായി നടത്തിയ ബൈബിൾ പ്രതിഷ്ഠയ്ക്കും കെ.ആർ.എൽ.സി.ബി.സി. അൽമായ/ പ്രവാസികാര്യ കമ്മീഷൻ സെക്രട്ടറി റവ.ഫാ. വില്യം രാജൻ & ടീം നടത്തിയ പ്രാർത്ഥനാ ശുശ്രൂഷയ്ക്കും ശേഷമായിരുന്നു ആദ്യദിന പരിപാടികൾക്കു സമാരംഭ മായത്. വിജയപുരം രൂപതയിൽപെട്ട വണ്ടിപെരിയാർ ഇടവക മതബോധന വിദ്യാർത്ഥിനികൾ നടത്തിയ പ്രാർത്ഥനാനൃത്തവും ഇതിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ടു.

ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിച്ച കേരള ലത്തീൻ സഭയുടെ പ്രഥമ മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും പ്രൗഢഗംഭീരമായ ഉദ്ഘാടന സമ്മേളനമായിരുന്നു തുടർന്നു നടന്നത്. ആതിഥേയ അതിരൂപതയായ വരാപ്പുഴയുടെ മെത്രാപ്പോലീത്താ എല്ലാവർ ക്കും ഔദ്യോഗികമായി സ്വാഗതമാശംസിച്ചു. അതിനുശേഷം പരി. പിതാവിനുവേണ്ടി പ്രൊപ്പഗാന്താ ഫീദേ കോൺഗ്രഗേഷന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ ഫെർണാണ്ടോ ഫിലാനി സംഗമത്തിന് നൽകിയ സന്ദേശം കെ.ആർ.എൽ.സി.ബി.സി. വൈസ് പ്രസിഡന്റായ കൊച്ചി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കരിയിൽ പിതാവ് വായിച്ചു.

കെ.സി.ബി.സി./ കെ.ആർ.എൽ.സി.ബി.സി./ കെ.ആർ.എൽ.സി.സി. പ്രസിഡന്റും തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്തയുമായ അഭിവന്ദ്യ സൂസൈപാക്യം അദ്ധ്യക്ഷനായിരുന്നു. സി.സി.ബി.ഐ. പ്രസിഡന്റും മുംബൈ ആർച്ച് ബിഷപ്പുമായ കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ദീപം തെളിച്ച് ചരിത്രപ്രധാന്യമുള്ള ഈ സംഗമത്തിന്റ ഔദ്യോ ഗിക ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. പോവുക, ശിഷ്യരാക്കുക, ജ്ഞാന സ്നാനപ്പെടുത്തുക, പഠിപ്പിക്കുക എന്നീ 4 കല്പനകളാണ് യേശുനാഥൻ തന്നതെന്നും മിഷൻ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖയാണിതെന്നും ഉദ്ഘാടന സന്ദേശത്തിൽ അഭിവന്ദ്യ കർദ്ദിനാൾ പറഞ്ഞു. ലോകവും ഭാരതവും കേരളവും നാമോരോരുത്തരും സുവിശേഷത്തെകൊണ്ട് ആവശ്യമുള്ള വരാണെന്നും കർദ്ദിനാൾ കൂട്ടിച്ചേർത്തു. ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി അഭിവന്ദ്യ ജാംബത്തിസ്ത ദിക്വാത്രോ അനുഗ്രഹ പ്രഭാഷണവും മിഷൻ കോൺഗ്രസിനോടനുബന്ധിച്ചു തയ്യാറാക്കിയ എക്സിബിഷന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. സീറോ- മലബാർ സഭയുടെ പ്രതിനിധിയായി കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ്

മഠത്തിക്കണ്ടത്തിലും സീറോ-മലങ്കര സഭയെ പ്രതിനിധീകരിച്ച് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും സംഗമത്തിന് ആശംസകൾ നേർന്നു സംസാരിച്ചു. കോഴിക്കോട് രൂപതയിലെ റവ.ഫാ. സൈമൺ പീറ്ററിനു ഒരു കോപ്പി നൽകികൊണ്ട് ലത്തീൻ സമുദായാംഗം കൂടിയായ പ്രൊഫ. കെ.വി. തോമസ് എം.പി. ബി.സി.സി. കൺവെൻഷൻ- മിഷൻ കോൺഗ്രസിന്റെ സ്മരണിക "പ്രേഷിതം" പ്രകാശനം ചെയ്തു. തുടർന്ന് സംഗമത്തിന്റോ ലോഗോ ഡിസൈൻ ചെയ്ത സിസിൽ ലിയോയ്ക്ക് എവാഞ്ചലൈസേഷൻ തിരുസംഘത്തിന്റെ അഡ്ജങ്റ്റ് സെക്രട്ടറി ആർച്ച് ബിഷപ്പ് പ്രൊട്ടാസെ റുഗുംബാവോ സമ്മാനം നൽകി അദ്ദേഹത്തെ ആദരിച്ചു. അഭിവന്ദ്യ പിതാക്കന്മാരായ സെൽവിസ്റ്റർ പൊന്നുമുത്തൻ, അലക്സ് വടക്കുംതല, വിൻസെന്റ് സാമുവേൽ, റവ.ഫാ. ഫ്രാൻസീസ് സേവ്യർ താന്നിക്കാപ്പറമ്പിൽ, ശ്രീമതി ജെയിൻ ആൻസിൽ ഫ്രാൻസീസ് എന്നിവർ വിശിഷ്ടാഥിതികൾക്ക് മെമെന്റോകൾ നൽകി. കൊല്ലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സ്റ്റാൻലി റോമൻ പിതാവ് നടത്തിയ ഔദ്യോഗിക കൃതജ്ഞതാ പ്രകാശനത്തോടെ പ്രൗഢഗംഭീരമായ ഉദ്ഘാടന സമ്മേളനത്തിന് പരിസമാപ്തിയായി. 12 മണിക്ക് എറണാകുളം തെരേസാസ് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനികൾ അവതരിപ്പിച്ച നയനാനന്ദകരമായ നൃത്താവിഷ്കാരം കൺവെൻഷൻ ഗീതം സദസ്യരുടെ ഹൃദയത്തിൽ ആഴത്തിൽ പതിയുവാനിടയാക്കി.

തുടർന്ന് മുൻ ഡി.ജി.പി. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. പങ്കാളിത്തസഭയെയും അൽമായ ദൗത്യത്തെയും ആധാരമാക്കി നടത്തിയ മുഖ്യപ്രഭാക്ഷണം സംഗമത്തിന്റെ ഹൃദയം പിടിച്ചുപറ്റിയ ഒന്നായിരുന്നു. പ്രഭാഷകനെ കെ.ആർ.എൽ.സി.സി. വൈസ് പ്രസിഡന്റ് ഷാജി ജോർജ്ജ് സ്വാഗതം ചെയ്യുകയും ചെയ്തു. തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ശ്രീ അലക്സാണ്ടർ ജേക്കബിന് മെമെന്റോ നൽകി.

ഉച്ചകഴിഞ്ഞ് കാർമ്മൽഗിരി സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തിയ സംഗീത ശുശ്രൂഷയ്ക്കുശേഷം രണ്ടാം സെഷൻ ആരംഭിച്ചു. റവ. സൂസി കിണറ്റിങ്കൽ രചിച്ച "കേരളത്തിലെ പ്രഥമ കന്യാസ്ത്രീ" എന്ന പുസ്തകം കണ്ണൂർ രൂപതാദ്ധ്യക്ഷൻ റവ. ഡോ. അലക്സ് വടക്കുംതല പരിചയപ്പെടുത്തുകയും സി.റ്റി.സി. സുപ്പീരിയർ ജനറൽ റവ.സി. ലൈസ പ്രഥമകോപ്പി റവ.സി. ആലീസിനു നൽകികൊണ്ട് പ്രകാശന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് സംഗമത്തിന്റെ ആദ്യത്തെ പഠനം "പങ്കാളിത്ത സഭ" ശ്രീ ഷെൽട്ടൻ പിൻഹീരോ & ടീം അവതരിപ്പിച്ചു. അവർക്ക് മദർ ലൈസാ സി.റ്റി.സി. കൃതജ്ഞതയർപ്പിച്ചു.

ഉച്ചയ്ക്ക് 3 മണിക്ക് ഉദ്ഘാടനദിവ്യബലി അഭിവന്ദ്യ നുൺഷ്യോ ജാംബത്തിസ്താ ദിക്വാത്രോയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ടു. വല്ലാർപാടം ബസിലിക്കായുടെ ''അടിമ ഹോളി''ൽ നിന്ന് തിരുവസ്ത്രങ്ങളണിഞ്ഞ് 25 ഓളം ബിഷപ്പുമാരും 200 ഓളം വൈദികരും പ്രദക്ഷിണമായാണ് ബലിവേദിയിലെത്തിയത്. ഇംഗ്ലീഷ് ഭാഷയിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയുടെ ഗാനശുശ്രൂഷ നിർവ്വഹിച്ച ക്വയർ അംഗങ്ങൾ എല്ലാവരുടെയും പ്രത്യേക അഭിനന്ദനങ്ങൾക്കു പാത്രമായി. സിഎസിയുടെ

നേതൃത്വത്തിൽ പ്രശസ്ത ഗായകരും സംഗീത സംവിധായകരുമായ കെസ്റ്റർ, ഗാഗുൽ ജോസഫ്, ആഞ്ചല എന്നിവർ നയിച്ച ഗായക സംഘമാണ് നേതൃത്വം നൽകിയത്.

ദിവ്യബലിയുടെ പ്രാരംഭത്തിൽ, വരാപ്പുഴ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിലിനെ ആർച്ച് ബിഷപ്പുമാരുടെ സ്ഥാനിക ചിഹ്നമായ "പാലിയം" അഭിവന്ദ്യ നുൺഷ്യോ അണിയിച്ചു.

> **പാലിയം നല്ലിടയനായ ക്രിസ്തുവിനോടു സാരൂപ്യപ്പെടേണ്ട മെത്രാപ്പോലീത്തയുടെ ഇടയദൗത്യം സൂചിപ്പിക്കുന്നു. കൈ കൊണ്ട് നെയ്തുണ്ടാക്കിയ ഉത്തരീയ രൂപത്തിലുള്ള വെളുത്ത നാടയാണിത്. അതിൽ 6 ചെറിയ കറുത്ത കുരിശുകളും തുന്നിപ്പിടിപ്പിച്ചിരിക്കുന്നു. ഔദ്യോഗിക കർമ്മങ്ങൾക്ക് പാപ്പായും മെത്രോപ്പോലീത്തമാരും ഇത് പൂജാവസ്ത്രങ്ങൾക്കു പുറത്തായി കഴുത്തിൽ അണിയുന്നു. കൂടാതെ റോമിലെ മെത്രാനും സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും തമ്മിലുള്ള ഐക്യദാർഢ്യവും സ്നേഹബന്ധവും പാലിയത്തിലൂടെ വിളിച്ചോതുന്നു.**

ദിവ്യബലിയ്ക്ക് കാഴ്ചവസ്തു ക്കളർപ്പിച്ചത് 12 രൂപതകളിലെയും പ്രതിനിധികളായിരുന്നു. ദിവ്യബലിയുടെ സമാപനത്തിൽ കോട്ടപുറം രൂപതാദ്ധ്യക്ഷൻ റവ.ഡോ. ജോസഫ് കാരിക്കശ്ശേരി എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. തുടർന്ന് ചായക്കുശേഷം വരാപ്പുഴ, കോട്ടപ്പുറം, ആലപ്പുഴ, കൊച്ചി എന്നീ രൂപതകളുടെ കീഴിലുള്ള വിവിധ ഇടവകകളിൽ സജ്ജീകരിച്ചിരിക്കുന്ന ഭവനങ്ങളിലേക്ക് പ്രതിനിധികൾ യാത്രയായി.

**രണ്ടാം ദിവസം ഒക്ടോബർ 07 ശനി**

22 സെന്ററുകളിലായി ഒരേ സമയം രണ്ടാംദിന പരിപാടികൾ രാവിലെ 8.45ന് സമാരംഭിച്ചു. ഫോർട്ട് കൊച്ചി ബസിലിക്ക, കണ്ടക്കടവ്, ഫോർട്ട്കൊച്ചി വെളി, ഇടക്കൊച്ചി, മുണ്ടംവേലി, പള്ളുരുത്തി, മാനാശ്ശേരി, കോട്ടുപ്പുറം, ഗോതുരുത്ത്, പള്ളിപ്പുറം, തൈക്കൂടം, തോട്ടയ്ക്കാട്ടുകര, കാക്കനാട്, പെരുമാന്നൂർ, കലൂർ, വടുതല, കൂനമ്മാവ്, മഞ്ഞുമ്മേൽ, വരാപ്പുഴ, ചേരാനല്ലൂർ, എടവനക്കാട്, വളപ്പ്എന്നിവയായിരുന്നു പ്രസ്തുത സെന്ററുകൾ. സംഗീത/പ്രാർത്ഥനാ ശുശ്രൂഷകൾക്കുശേഷം 'ബി.സി.സി. കളിലൂടെ നവീകരിക്കപ്പെടുന്ന ഇടവക', ശുശ്രൂഷകളിലൂടെ സജീവമാകുന്ന ബി.സി.സി. എന്നീ 2 വിഷയങ്ങളെ ആധാരമാക്കി 2 ക്ലാസുകളും, ഗ്രൂപ്പു ചർച്ചകളും, പൊതു ചർച്ചകളും എല്ലാ സെന്ററുകളിലും സംഘടിപ്പിക്കപ്പെട്ടു. എല്ലായിടത്തും അഭിവന്ദ്യ പിതാക്കന്മാർ ആരുടെയെങ്കിലും സാന്നിദ്ധ്യമുണ്ടായിരുന്നു. വത്തിക്കാനിലെ സുവിശേഷവൽക്കരണ തിരുസംഘം അഡ്ജങ്ന്റ് സെക്രട്ടറി ആർച്ച് ബിഷപ്പ് പ്രൊട്ടസൈറുംഗുംബാവോ 22 സെന്ററുകളിലുമെത്തി ആശീർവ്വാദം നൽകി. ഉച്ചകഴിഞ്ഞ് 2.30 ന് അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ എല്ലാ സെന്ററുകളിലും ഒരേസമയം ദിവ്യബലിയർപ്പിക്കപ്പെട്ടു.

> **കൺവെൻഷനിൽ പങ്കെടുത്ത പ്രതിനിധികൾ ആതിഥേയ രൂപതകളിലെ 22 കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ഇടവക കളിൽ നേരത്തെ നിശ്ചയിക്കപ്പെട്ട ഭവനങ്ങളിലാണ് രണ്ടു ദിവസം താമസിച്ചത്. ഒപ്പം കുടുംബ യൂണിറ്റുകളിലും പ്രതിനിധികൾ പങ്കെടുത്തു. ആതിഥേയ കുടുംബങ്ങളിലെ ഈ ഒത്തുവാസവും കുടുംബയൂണിറ്റ് യോഗങ്ങളിലെ അനുഭവങ്ങൾ പങ്കുവയ്ക്കലും പങ്കാളിത്ത സഭയെ സംബന്ധിച്ച് പ്രതിനിധികൾക്ക് പുതിയൊരുണർവേകി. വി വിധ രൂപതകളിൽ നിന്നെത്തിയ പ്രതിനിധികളെ ആഘോഷമായാണ് ഓരോ സെന്ററുകളിലും സ്വീകരിച്ചത്. പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ കുടുംബയൂണിറ്റുകൾ ചേർന്ന് പ്രേഷിതാനുഭവങ്ങൾ പരസ്പരം പങ്കുവച്ചു. കുടുംബയൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള പ്രായോഗിക പാഠങ്ങൾ മനസി ലാക്കുവാനും സംഗമങ്ങൾ കൊണ്ടു സാധിച്ചു.**

പരസ്പരമുള്ള സമ്മാനങ്ങളുടെ കൈമാറ്റവും ഏവർക്കും ഹൃദ്യമായ പങ്കുവയ്പനുഭവം നൽകി.

**മൂന്നാം ദിവസം ഒക്ടോബർ 08 ഞായർ**

പങ്കാളിത്താനുഭവത്തിന്റെ മഹത്വമേറിയ കാഴ്ചപ്പാടുകൾ ഹൃദയത്തിലേറ്റിക്കൊണ്ട് പ്രതിനിധികൾ എല്ലാവരും 3-ാം ദിവസം രാവിലെ വീണ്ടും വല്ലാർപ്പാടത്തമ്മയുടെ സവിധേ മുഖ്യവേദിയിലെത്തി. ആലുവ കാർമ്മൽഗിരി സെമിനാരിയിലെ വിദ്യാർത്ഥികളുടെ സംഗീത ശുശ്രൂഷയോടെയും ആലപ്പുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ നയിച്ച പ്രാർത്ഥനയോടെയുമാണ് സമാപനദിന പരിപാടികൾക്ക് തുടക്കം കുറിച്ചത്. കേരള ലത്തീൻ സഭയുടെ പുതിയ ഒരു സൂര്യോദയമായി പരിഗണിക്കപ്പെടുന്ന അടുത്ത 10 വർഷത്തേക്കുള്ള "ദശവൽസര കർമ്മ പദ്ധതി"യുടെ പ്രകാശനകർമ്മമായിരുന്നു ആദ്യം നടന്നത്. കെ.ആർ.എൽ.സി.സി. ആസോസിയേറ്റ് സെക്രട്ടറി റവ.ഫാ. തോമസ് തറയിൽ ഈ പദ്ധതി അവതരിപ്പിച്ചുകൊണ്ട് ആമുഖപ്രസംഗം നടത്തി. സുപ്രീംകോടതി ജഡ്ജി ജസ്റ്റീസ് കുര്യൻ ജോസഫാണ് ഔദ്യോഗികമായ പ്രകാശനകർമ്മം നിർവ്വഹിച്ചത്. കെ.ആർ.എൽ.സി.സി. സെക്രട്ടറിമാരായ ആന്റണി ആൽബർട്ട്, സ്മിതാ ബിജോയ് എന്നിവർ ചേർന്ന് ദശവൽസര കർമ്മപദ്ധതി ജസ്റ്റീസിൽ നിന്ന് ഏറ്റുവാങ്ങി. പ്രകാശന ചടങ്ങിൽ ആദ്ധ്യക്ഷം വഹിച്ചത് സിംല-ചണ്ഡിഗണ്ട് രൂപതാദ്ധ്യക്ഷനും സി.ബി.സി.ഐ. യുടെ ബി.സി.സി. കമ്മീഷൻ ചെയർമാനുമായ ബിഷപ്പ് ഇഗ്നേഷ്യസ് മസ്ക്രീനാസായിരുന്നു. സി.ബി.സി.ഐ. ബി.സി.സി. കമ്മീഷൻ സെക്രട്ടറി റവ.ഫാ. വിജയ് തോമസ് ആശംസകളർപ്പിച്ചു. കെ.ആർ.എൽ. സി.സി. ട്രഷറർ ആന്റണി നൊറോണ കൃതജ്ഞതയും രേഖപ്പെടുത്തി.

പ്രേഷിത പ്രവർത്തനം നേരിടുന്ന വെല്ലുവിളികളും സാധ്യതകളും എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് തൃശൂർ അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ റാഫേൽ തട്ടിൽ, കോഴിക്കോട് ബിഷപ്പ് വർഗ്ഗീസ് ചക്കാലയ്ക്കൽ

എന്നീ പിതാക്കന്മാർ നടത്തിയ പ്രഭാഷണങ്ങൾ സദസ്യരുടെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റി. നെയ്യാറ്റിൻകര ബിഷപ്പ് വിൻസെന്റ് സാമുവേൽ ഈ സെഷനു സ്വാഗതമാശംസിച്ചു. എൻ.കെ. ഡി.സി.എഫ് പ്രസിഡന്റ് കെ.ബി. സൈമൺ കൃതജ്ഞതയർപ്പിച്ചു.

പ്രേഷിതാനുഭവം ജീവിത സാഹചര്യങ്ങളിൽ എന്ന വിഷയത്തെ ആസ്പദമാക്കി തുടർന്നു നടത്തപ്പെട്ട ടോക്ക്ഷോ വേറിട്ട അനുഭവമായിരുന്നു സദസ്സിനു സമ്മാനിച്ചത്. കെ.ആർ.എൽ.സി.ബി.സി. എഡ്യുക്കേഷൻ കമ്മീഷൻ സെക്രട്ടറി ഡോ. എഡ്വേർഡ് ഏടേഴത്ത് ഇതിനു നേതൃത്വം നൽകി. ജോയി ഗോതുരുത്ത്, മോൺ. ജെയിംസ് കുലാസ്, റവ.ഫാ. പോൾ സണ്ണി, പ്രിൻസി മരിയ (കണ്ണൂർ) എന്നിവരാണ് ഈ ടോക്ഷോയിൽ പങ്കെടുത്ത് അനുഭവങ്ങൾ പങ്കുവച്ചത്. എൽ.സി. വൈ.എം. സംസ്ഥാന പ്രസിഡന്റ് എമ്മാനുവേൽ മൈക്കിൾ കൃതജ്ഞതയർപ്പിച്ചു. ഉച്ചയ്ക്കുശേഷം സുൽത്താൻപെട്ട് രൂപതാ എൽ.സി.വൈ.എം. പ്രവർത്തകർ അവതരിപ്പിച്ച തമിഴ്നാട്ടിലെ നാട്ടുംപുറ നൃത്തരൂപങ്ങൾ കാണികളുടെ മനം കവർന്നു. കാർമ്മൽഗിരി വൈദിക വിദ്യാർത്ഥികളുടെ സംഗീത ശുശ്രൂഷയും ശ്രദ്ധേയമായിരുന്നു. തുടർന്ന് സി.ബി.സി.ഐ.യുടെ വനിതാ കൗൺസിലിൽ നിന്ന് ഏറ്റവും നല്ല റീജൻ അവാർഡ് കരസ്ഥമാക്കിയ കൊല്ലം രൂപതാംഗം ശ്രീമതി ജെയിൻ ആൻസിൽ ഫ്രാൻസീസിനെ ആർച്ച് ബിഷപ്പ് സൂസൈപാക്യവും ബിഷപ്പ് ജോസഫ് കാരിക്കശ്ശേരിയും ചേർന്ന് അനുമോദിക്കുകയും അവാർഡ് സമർപ്പണം നടത്തുകയും ചെയ്തു.

ഈ സംഗമത്തിന് ഔദ്യോഗികമായ നന്ദി പ്രകാശനമായിരുന്നു അടുത്തതായി നടന്നത്. ഇതിനുവേണ്ടി നാളിതുവരെ നടത്തിയ എല്ലാ പ്രവർത്തനങ്ങൾക്കും പങ്കാളിത്തത്തിനും ജനറൽ കൺവീനറും കെ.ആർ.എൽ.സി.സി. ജനറൽ സെക്രട്ടറിയുമായ റവ.ഫാ. ഫ്രാൻസീസ് സേവ്യർ താന്നിക്കാപ്പറമ്പിലാണ് കൃതജ്ഞതാപ്രകാശനമർപ്പിച്ചത്. അതിനുശേഷം കേരള ലത്തീൻ സഭയുടെ ബി.സി.സി. കമ്മീഷൻ സെക്രട്ടറി റവ.ഫാ. ഗ്രിഗറി ആർബി മിഷൻ കോൺഗ്രസ് പദ്ധതികളുടെ വിശദീകരണം സദസ്സിനു നൽകി.

ത്രിദിനമിഷൻ കോൺഗ്രസിന്റെയും ബി.സി.സി. കൺവെൻഷന്റെയും സമാപനം കുറിച്ചുകൊണ്ട് വൈകുന്നേരം 3.30ന് ലത്തീൻ ഭാഷയിൽ കൃതജ്ഞതാബലിയർപ്പിക്കപ്പെട്ടു. ജനതകളുടെ സുവിശേഷവൽക്കരണത്തിനായുള്ള വത്തിക്കാനിലെ തിരുസംഘത്തിന്റെ അഡ്ജങ്ന്റ് സെക്രട്ടറി ആർച്ച് ബിഷപ്പ് പ്രൊട്ടാസേ റുഗുംബോയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട പൊന്തിഫിക്കൽ ദിവ്യബലിയിൽ 30 ഓളം ബിഷപ്പുമാരും 200 ഓളം വൈദികരും സഹകാർമ്മികരായിരുന്നു. സുവിശേഷ പ്രഘോഷണം ഇംഗ്ലീഷ് ഭാഷയിൽ മുഖ്യകാർമ്മികൻ നടത്തിയത് തത്സമയം സ്ക്രീനിൽ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരുന്നു. 12 രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ കാഴ്ചവയ്പ്പ് പ്രദക്ഷിണത്തിന് നേതൃത്വം നൽകി. തമിഴ്/ മലയാളം ഭാഷകളിലായിരുന്നു വായനകൾ.

കേരളത്തിലെ 12 ലത്തീൻ രൂപതകളെയും വടക്കേ ഇന്ത്യയിലെ 12 ലത്തീൻ രൂപതകളുമായി ബന്ധിപ്പിക്കുന്ന 'ഹാർട്ട് റ്റു ഹാർട്ട് മിഷൻ ലിങ്കേജ് പ്രോജക്ടിന്റെ' ഔദ്യോഗിക ഉദ്ഘാടനം ആർച്ച് ബിഷപ്പ് റുഗുംബോ

നിർവ്വഹിച്ചു. ഈ രൂപതകളിലെ ബിഷപ്പുമാർ ഇതു സംബന്ധിച്ചു തയ്യാറാക്കിയിരുന്ന മെമെന്റോകൾ പരസ്പരം കൈമാറിയാണ് ഈ പ്രോജക്ടിന്റെ പ്രാരംഭം കുറിച്ചത്.

### ഹാർട്ട് റ്റു ഹാർട്ട് മിഷൻ ലിങ്കേജ് രൂപതകൾ

| | |
|---|---|
| ആലപ്പുഴ | - ഗുവാഹട്ടി (ആസ്സാം) |
| കോഴിക്കോട് | - ബക്സർ (ബീഹാർ) |
| നെയ്യാറ്റിൻകര | - ഗ്വാളിയർ (മധ്യപ്രദേശ്) |
| പുനലൂർ | - ഭഗൽപൂർ (ഛത്തിസ്ഗഡ്) |
| കണ്ണൂർ | - ബാലസോർ (ഒറീസ) |
| കൊല്ലം | - അലഹബാദ് (ഉത്തർപ്രദേശ്) |
| കൊച്ചി | - സിംല (ചണ്ഡിഗർ) |
| വിജയപുരം | - മിയാവ് (അരുണാചൽപ്രദേശ്) |
| സുൽത്താൻപേട്ട് | - ഇൻഡോർ (മധ്യപ്രദേശ്) |
| തിരുവനന്തപുരം | - ഇറ്റാനഗർ (അരുണാചൽപ്രദേശ്) |
| വരാപ്പുഴ | - ഝാൻസി (മധ്യപ്രദേശ്) |
| കോട്ടപ്പുറം | - നാഗ്പൂർ (മഹാരാഷ്ട്ര) |

കേരള ലത്തീൻ സഭയെ മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുന്ന ചടങ്ങായിരുന്നു അടുത്തതായി നടന്നത്. നമ്മുടെ രൂപതാദ്ധ്യക്ഷൻ ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് പ്രതിഷ്ഠാജപം ചൊല്ലിക്കൊടുത്തു. കേരള ലത്തീൻ സഭാ പിതാക്കന്മാർ കത്തിച്ച മെഴുകുതിരികളുമായി തത്സമയം അണിനിരന്നു. ഇതിനെ തുടർന്ന് മിഷൻ ചൈതന്യം അഭംഗുരം നിലനിർത്തിക്കൊണ്ട് രൂപതകളിൽ പ്രേഷിതാനുഭവം കാത്തുസൂക്ഷിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള രൂപതകൾക്കുള്ള മിഷൻ ക്രോസ് കൈമാറ്റം ആർച്ച് ബിഷപ്പ് റുഗുംബോ നിർവ്വഹിച്ചു. അതാത് രൂപതകളിലെ ഇടവകകളിൽ പ്രയാണം നടത്തുവാനായി 12 രൂപതകളിലെയും പ്രതിനിധികൾ മിഷൻക്രോസ് ഏറ്റുവാങ്ങി.

ചരിത്രത്തിന്റെ ഏടുകളിൽ മായാത്ത മുദ്ര പതിപ്പിച്ച ഈ ത്രിദിന സംഗമത്തിന് ഔദ്യോഗിക സമാപനം കുറിച്ചുകൊണ്ട് കെ.ആർ.എൽ. സി.ബി.സി/ കെ.ആർ.എൽ.സി.സി. പ്രസിഡന്റ് അഭിവന്ദ്യ സൂസൈപാക്യം പിതാവ് സമാപനസന്ദേശം നൽകി. മിഷൻ കോൺഗ്രസ് -ബി.സി.സി. കൺവെൻഷൻ ചെയർമാൻ പുനലൂർ ബിഷപ്പ് ഡോ. സെൽവിസ്റ്റർ



പൊന്നുമുത്തൻ സമാപനച്ചടങ്ങിൽ ഔദ്യോഗികമായി കൃതജ്ഞതയർപ്പിച്ച തോടെയാണ് പരിപാടികൾക്ക് സമാപനമായത്.

**വിജയപുരം രൂപതയുടെ പങ്കാളിത്തം**

അഭിവന്ദ്യ പിതാവിനു പുറമേ വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, എപ്പിസ്ക്കോപ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, ചാൻസലർ വെരി റവ.ഫാ. ജോർജ്ജ് ജോൺ മേരിമംഗലം, ശുശ്രൂഷാ കോ-ഓർഡിനേറ്റർ റവ.ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട്, റവ.ഫാ. ഡെന്നീസ് കണ്ണമാലിൽ, റവ.ഫാ. പോൾ ഡെന്നി രാമച്ചംകുടി, റവ.ഫാ. അജിത് വർഗ്ഗീസ് കണിയാന്തറ, റവ.ഫാ. ആൽബർട്ട് കുമ്പളോലിൽ എന്നീ കൂരിയാംഗങ്ങളുൾപ്പെടെ 30 ഓളം വൈദികർ നമ്മുടെ രൂപതയിൽ നിന്നും സംഗമത്തിൽ പങ്കെടുത്തു. റവ. സിസ്റ്റേഴ്സും അൽമായരുൾപ്പെടെ ഏകദേശം 340 പ്രതിനിധികളാണ് ആകെ വിജയപുരത്തുനിന്നു ണ്ടായിരുന്നത്. ഉദ്ഘാടന ദിവ്യബലിയിൽ കാഴ്ചവയ്പ്പു പ്രദക്ഷിണത്തിന് ശ്രീമതി മേരി മാത്യു നമ്മുടെ രൂപതയെ പ്രതിനിധികരിച്ചു. സമാപന ബലിയിലെ തമിഴ് ഭാഷയിലുള്ള ലേഖനവായന നിർവ്വഹിച്ചത് മൂന്നാർ മൗണ്ട് കാർമ്മൽ ഇടവകാംഗം ശ്രീ റിച്ചാർഡാണ്. ചങ്ങനാശ്ശേരി ഇടവകാംഗം ശ്രീ മൈക്കിൾ ഡിക്രൂസ് മിഷൻക്രോസ് രൂപതയ്ക്കുവേണ്ടി ഏറ്റുവാങ്ങി. രൂപതാംഗങ്ങളായ കെ.ആർ.എൽ.സി.സി. അസോസിയേറ്റ് ജനറൽ സെക്രട്ടറി റവ.ഫാ. തോമസ് തറയിൽ, സെക്രട്ടറി ശ്രീമതി സ്മിതാ ബിജോയ് എന്നിവർ നേതൃത്വനിരയിൽ പ്രവർത്തിച്ചു. മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ (ഡോക്കുമെന്റേഷൻ കമ്മിറ്റി ചെയർമാൻ), റവ.ഡോ. ആന്റണി പാട്ടപ്പറമ്പിൽ, റവ.ഡോ. ക്ലീറ്റസ് കതിർപറമ്പിൽ (ഡോക്കു മേന്റ്ഷൻ കമ്മറ്റിയംഗങ്ങൾ), മോൺ ജോസ് നവസ്, (മെഡിക്കൽ അസിസ്റ്റൻസ് കമ്മിറ്റി വൈസ് ചെയർമാൻ), ശ്രീ. എബി കുന്നേപ്പറമ്പിൽ (ഫൈനാൻസ് കമ്മറ്റിയംഗം), അഡ്വ. ഹെൻറി ജോൺ (മീഡിയ കമ്മറ്റിയംഗം), ശ്രീ. സിബി ഇറക്കത്തിൽ (എക്സിബിഷൻ കമ്മറ്റിയംഗം), എന്നിവരാണ് രൂപതയിൽ നിന്നുള്ള ഭാരവാഹികൾ.

**സംഘാടകമികവിനു 100 മാർക്ക്**

വർഷങ്ങളായി നീണ്ടു നിന്ന ഒരുക്കങ്ങളുടെയും ഏതാനും മാസങ്ങളായി രാവും പകലും ഒരുപോലെ അദ്ധ്വാനിച്ച സമർപ്പണത്തി ന്റേയും ഫലമാണ് ചരിത്രസംഭവമായി മാറിയ ഈ മിഷൻ കോൺഗ്രസ്- ബി.സിസി. കൺവെൻഷന്റെ സംഘാടക വിജയം. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സംഘാടകമികവ് പരിപൂർണ്ണമായി തെളിയിച്ചത് കേരളലത്തീൻ സമൂഹത്തിന്റെ കരുത്തിനെയാണ് സൂചിപ്പിക്കുന്നത്. രക്ഷാധികാരികളായ അഭിവന്ദ്യ പിതാക്കന്മാരുടെയും ജനറൽ കൺവീന റായി പ്രവർത്തിച്ച കെ.ആർ.എൽ.സി.സി. ജനറൽ സെക്രട്ടറി റവ.ഫാ. ഫ്രാൻസീസ് സേവ്യറിന്റെയും നേതൃത്വത്തിലുള്ള 14 കമ്മറ്റികളിലെ നൂറുകണക്കിന് വ്യക്തികളുടെ കഠിനാദ്ധ്വാനമാണ് ഈ അഭിമാന വിജയത്തിന് കാരണമായത്. സംഘാടകർ ഏവരുടെയും മുക്തകണ്ഠ പ്രശംസയർഹിക്കുന്നു.

# 2017 ഡിസംബർ 31 ബൈബിൾ ഞായർ

## കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കേരളകത്തോലിക്കാസഭ ദൈവവചനപാരായണത്തിനായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന മാസമാണ് ഡിസംബർ. മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവി ആചരിക്കുന്ന ഡിസംബർ മാസം വചന പാരായണമാസ മായി ആചരിക്കുന്നത് തികച്ചും ഉചിതംതന്നെ. യേശുവിനെ നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കുടുംബത്തിലേക്കും സ്വീകരിക്കാൻ ആത്മീയമായി ഒരുങ്ങുന്നതിന് അതു സഹായിക്കുന്നു.

മനുഷ്യനോടു സംവദിക്കുന്ന ദൈവം പൂർണമായി സ്വയം വെളിപ്പെടുത്തുന്നതാണല്ലോ യേശുവിന്റെ മനുഷ്യാവതാരം (ഹെബ്രാ 1,2). മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷകനായാണ് യേശു ജനിക്കുന്നത് (ലൂക്കാ 2,10-11). മനുഷ്യനെ ദൈവവുമായി അനുരഞ്ജനപ്പെടുത്തുന്ന അവിടന്ന് ഏവരെയും ഒരേയൊരു കൂട്ടായ്മയിൽ ഒന്നിപ്പിക്കുന്നു (യോഹ 17,20-23). നമ്മുടെയിടയിൽ കൂടാരമടിച്ച യേശുവാകുന്ന വചനം (യോഹ 1,14) മനുഷ്യകുലത്തിന്റെ മുഴുവൻ ഐക്യത്തിനും നിദാനമാകുന്നതുപോലെതന്നെ, 'എഴുതപ്പെട്ട വചനവും' നമ്മെ നയിക്കുന്നത് സമഗ്രമായ ഐക്യത്തിലേക്കാണ്. വിവിധ വിഘടനവാദങ്ങൾ നമ്മുടെ സമൂഹത്തിൽ പെരുകുകയും മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ള പാരസ്പര്യങ്ങൾ താളംതെറ്റുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ 'ഐക്യത്തിലേക്കും സ്വാരസ്യത്തിലേക്കും (harmony) നയിക്കുന്ന ദൈവവചനം' നമുക്ക് വിചിന്തനവിഷയമാക്കാം.

### ദൈവവചനവും സൃഷ്ടിയിലെ സ്വാരസ്യവും

ദൈവവചനമാണല്ലോ സൃഷ്ടിയുടെ നിദാനം. 'ഉണ്ടാകട്ടെ'യെന്ന് ദൈവം അരുൾചെയ്യുമ്പോൾ സർവസൃഷ്ടിജാലങ്ങളും മനുഷ്യനും ഉണ്മയിലേക്കു പ്രവേശിക്കുന്നത് ഉത്പത്തിഗ്രന്ഥത്തിന്റെ ആരംഭത്തിൽത്തന്നെ നാം വായിക്കുന്നുണ്ട് (ഉത്പ 1,3). ഓരോ സൃഷ്ടി കഴിയുമ്പോൾ 'നന്നായിരിക്കുന്നു' എന്നും സൃഷ്ടിയുടെയെല്ലാം അവസാനം 'വളരെ നന്നായിരിക്കുന്നു' (ഉത്പ 1,31) എന്നും ദൈവം പറയുന്നു. ദൈവത്തിന്റെ ഈ പ്രഖ്യാപനം, അവിടന്ന് രൂപംകൊടുത്ത പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന നന്മയുടെയും പൂർണതയുടെയും സൂചനകൂടിയാണ്. ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ഐക്യവും പരസ്പരബന്ധവും തന്നെയാണല്ലോ ബൈബിളിന്റെ ആദ്യ താളുകളിലെ പ്രധാന പ്രമേയം.

ദൈവവുമായുള്ള സാമീപ്യമായിരുന്നു ഈ ഐക്യത്തിന്റെ കാതൽ. മനുഷ്യനുവേണ്ടി സൃഷ്ടിച്ച തോട്ടത്തിൽ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രം, ആദിയിലുണ്ടായിരുന്ന ഐക്യത്തിന്റെ നേർക്കാഴ്ചയാണ്. എന്നാൽ, മനുഷ്യൻ പാപംചെയ്ത് ഈ ദൈവസാന്നിധ്യത്തിൽനിന്ന് ഓടിയകന്ന്, മരങ്ങൾക്കിടയിലൊളിക്കുന്നത് ഉത്പത്തിഗ്രന്ഥകാരൻ വിവരിക്കുന്നു (ഉത്പ 3,8). ഇവിടെ ദൈവ-മനുഷ്യബന്ധം മുറിയുക മാത്രമല്ല, പ്രപഞ്ചം മുഴുവനിലുമുള്ള പാരസ്പര്യം നഷ്ടപ്പെടുകയുമാണു ചെയ്യുന്നത്. ഈ താളം നഷ്ടപ്പെടുന്നതിന്റെ വിവരണമാണ് കായേന്റെ കഥ. 'സഹോദരന്റെ കാവ

ല്ക്കാരനാണോ ഞാൻ?' എന്ന കായേന്റെ ചോദ്യം സമൂഹത്തിലെ ബന്ധങ്ങൾ തകരുന്നതിന്റെ മുഴക്കംതന്നെയാണല്ലോ. 'മണ്ണു നിനക്ക് ഫലംതരുകയില്ല' (ഉത്പ 4,12) എന്നു കർത്താവ് കായേനോടു പറയുമ്പോൾ, 'എല്ലാം നന്നായിരിക്കുന്നു'വെന്ന് അവിടന്ന് ആദ്യം വിശേഷിപ്പിച്ച നല്ല നാളുകൾ അപ്രത്യക്ഷമായി എന്നു നാം വേദനയോടെ തിരിച്ചറിയുന്നു. ആദിമാതാപിതാക്കന്മാർ ദൈവവചനത്തിനു ചെവികൊടുക്കാതിരുന്നപ്പോൾ സൃഷ്ടിയിലുണ്ടായിരുന്ന സന്തോഷവും സമാധാനവും സന്തുലിതത്വവും അപ്രത്യക്ഷമാകുന്നു.

**ദൈവവചനവും ഐക്യവും**

മാംസംധരിച്ച വചനമായ യേശുവിന്റെ വരവോടുകൂടെ മനുഷ്യനു നഷ്ടപ്പെട്ട 'പറുദീസ'യെക്കുറിച്ചുള്ള പ്രതീക്ഷകൾ വീണ്ടും കിളിർക്കുന്നു. 'ദൈവരാജ്യം സമാഗതമായി' (മർക്കോ 1,15) എന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത്. ദൈവസാന്നിധ്യവും എല്ലാ നന്മകളും നിറഞ്ഞുനില്ക്കുകയും അവിടന്ന് വീണ്ടെടുക്കുകയും ചെയ്യുന്ന മനുഷ്യസമൂഹത്തിനു നല്കുന്ന പേരാണ് 'ദൈവരാജ്യം' എന്നു പറയാം.

ദൈവവുമായി ഏവരെയും ഐക്യപ്പെടുത്തി, സ്നേഹത്തിൽ പരസ്പരം ഒരുമിപ്പിക്കുകയാണ് 'വചനം മാംസം ധരിച്ചതിന്റെ' ലക്ഷ്യം. സഹോദരർക്കു നല്കുന്ന പരിധികളില്ലാത്ത പരിഗണനയും സ്നേഹവും യേശുവിന്റെ പ്രബോധനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ജീവനാഡിയായിരുന്നു (ലൂക്കാ 6,27-36; 10,25-37; യോഹ 13,34; 15,12; ഗലാ 5,14; യാക്കോ 2,8; 1 യോഹ 3,23). യേശുകൊണ്ടുവരുന്ന സമഗ്രക്ഷേമവും സുസ്ഥിതിയും കൂട്ടായ്മയുമാണ് യേശുവിന്റെ ജനനവേളയിൽ ദൈവദൂതർ ഉദ്ഘോഷിച്ച 'സമാധാനം' (ലൂക്കാ 2,14). കൂപ്പുകരങ്ങളോടെ നാമിന്നു പ്രാർഥിക്കുന്നതും ഈ സമാധാനത്തിനുവേണ്ടിയാണ്.

**വചനത്തിൽ ഒന്നിക്കുന്ന കേരളസഭ**

കേരളസഭ പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ളതാണെങ്കിലും പരസ്പര സഹവർത്തിത്വത്തിലും കൂട്ടായ്മയിലും ആഗോളസഭയ്ക്കുതന്നെ മാതൃകയാണ്. കെ.സി.ബി.സി.യുടെ കീഴിലുള്ള ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള വചനപ്രേഷിതത്വത്തിൽ ഈ ഐക്യം ഏറെ പ്രകടമാണ്. ദൈവവചനംതന്നെയാണല്ലോ നമ്മെ ഒരുമിപ്പിക്കുന്ന പ്രധാനഘടകം.

കേരളസഭ കൂട്ടായ യത്നംവഴി ഇറക്കിയിട്ടുള്ള മലയാളം പി.ഒ.സി. ബൈബിൾ മൂന്നു സഭകളും തമ്മിലുള്ള സഹവർത്തിത്വത്തിന്റെയും ഐക്യത്തിന്റെയും ഒരു ഐക്കൺ തന്നെയായി മാറിക്കഴിഞ്ഞു. മൂന്നു

സഭകളിലുമുള്ളവർചേർന്ന് ഇറക്കിയ പരിഭാഷ, മൂലഗ്രന്ഥങ്ങളെ ആധാരമാക്കി കൂടുതൽ പണ്ഡിതരുടെ സഹകരണത്തോടെ കഴിയുന്നത്ര വിശ്വസ്തതയോടെയും ആധികാരികതയോടെയും പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി അഹോരാത്രം, നിസ്വാർഥമായി അധ്വാനിക്കുന്ന ഏവരെയും നന്ദിയോടെ നമുക്കു സ്മരിക്കാം. പുതിയനിയമം വിശദീകരണക്കുറിപ്പുകളോടെ 'പഠനബൈബിളാ'യി പി.ഒ.സി.യിൽനിന്ന് പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട്. ദൈവവചനം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഏവരും സ്വന്തമാക്കേണ്ടതാണ് ഈ പഠനബൈബിൾ.

കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായപ്രവർത്തനത്തിന്റെയും

അഭിമാനാർഹമായ മറ്റൊരു സാക്ഷ്യമാണ് ആഗോളതലത്തിൽത്തന്നെ പ്രശംസപിടിച്ചുപറ്റിയ ലോഗോസ് ക്വിസ്. വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നു എന്നതാണ് ഈ വചനോപാസനയുടെ പ്രത്യേകത. സെപ്റ്റംബർമാസം അവസാനം നടത്താറുള്ള ഇതിന്റെ ആദ്യതലപരീക്ഷയിൽ കേരളത്തിനകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് വചനസ്നേഹികളാണ് പങ്കുചേരുന്നത്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ മത്സരം നടക്കുന്നു. വിദേശത്തുള്ള രൂപതകളും ഭിന്നശേഷിയുള്ളവരും ഇതിൽ പങ്കുചേരാൻ താത്പര്യം പ്രകടിപ്പിക്കുന്നത് ദൈവവചനത്തിന് എല്ലാ അതിരുകൾക്കപ്പുറമുള്ളവരെയും ഒന്നിപ്പിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യംതന്നെയാണ്.

വചനശുശ്രൂഷയിൽ സമൂഹത്തിലെ എല്ലാവരെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്നു എന്നതിന് ബധിര-മൂകർക്കായി തയ്യാറാക്കിയിരിക്കുന്ന സൈൻബൈബിൾ ബൈബിൾ കമ്മീഷന് അഭിമാനത്തോടെ ഉയർത്തിപ്പിടിക്കാൻ കഴിയും. ഇതിന്റെ തുടർചലനങ്ങളെന്നപോലെ, കേരളസഭയിൽ ഭിന്നശേഷിയുള്ളവർക്കായുള്ള ശുശ്രൂഷ ശക്തിയാർജിക്കുന്നുവെന്നത് സന്തോഷജനകമാണ്. 2018-ലെ മെത്രാൻ സിനഡിൽ യുവജനങ്ങളുടെ വിശ്വാസജീവിതമാണല്ലോ പ്രധാന ചർച്ചാവിഷയം. ഹൈ-ടെക് യുഗത്തിൽ ജീവിക്കുന്ന യുവജനങ്ങളെ ദൈവവചനത്തിലേക്ക് ആകർഷിക്കാനുള്ള പുതിയ പദ്ധതികളും കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. ബൈബിൾ പ്രമേയങ്ങൾ അടിസ്ഥാനമാക്കിയുള്ള ഹ്രസ്വചിത്രമത്സരം ഇതിന് ഒരു ഉദാഹരണമാണ്. വിവിധ രൂപതകളിൽ ഇതിനു സമാനമായ പരിപാടികൾ ബൈബിൾ അപ്പോസ്തലേറ്റിന്റെകീഴിൽ നടക്കുന്നുണ്ട് എന്നും ഇവിടെ സന്തോഷപൂർവം അനുസ്മരിക്കുന്നു.

വചനപാരായണമാസമായ ഡിസംബറിൽ ഈ വർഷം കേരളത്തിന്റെ തെക്കേയറ്റത്തുള്ള രൂപതയായ പാറശ്ശാല മുതൽ വിവിധയിടങ്ങളിൽ ബൈബിൾ കമ്മീഷന്റെയും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിൽ അഖണ്ഡബൈബിൾപാരായണം സംഘടിപ്പിക്കുന്നുണ്ട്. വചനപാരായണമാസവുമായി ബന്ധപ്പെട്ട് രൂപതകളിൽ നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഇതു ലക്ഷ്യംവയ്ക്കുന്നത്. എല്ലാ ഇടവകകളിലും ഡിസംബർമാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരായണം നടത്തുകയും ചെയ്യുമല്ലോ. അതുപോലെതന്നെ, എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കേണ്ടതാണ്. യേശുനാഥനെ അടുത്തറിയാനും അടുത്തറിയുന്നതുവഴി ആഴത്തിൽ സ്നേഹിക്കാനും സ്നേഹിക്കുന്ന നാഥനിൽ ഒന്നായിത്തീരാനും നമ്മെ പ്രചോദിപ്പിക്കുകയാണ് വചനപാരായണത്തിന്റെ പ്രധാന ലക്ഷ്യം.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ബൈബിൾ പഠിക്കാൻ മുന്നോട്ടുവരുന്നവരുടെ എണ്ണം കൂടിവരുന്നുവെന്നത് ഏറെ സന്തോഷജനകമാണ്. പല രൂപതകളും സ്തുത്യർഹമാംവിധം ബൈബിൾ കോഴ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. എങ്കിലും, ബൈബിൾ പഠനത്തിന് വേദികളൊരുക്കാൻ ഇടവകകൾ ഇനിയും മുന്നോട്ടുവരേണ്ടതുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു ചേരാവുന്ന പാഠ്യപദ്ധതിയാണ് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. വചനം കൂടുതൽ അടുത്തറിയുന്നതുവഴി, മാംസംധരിച്ച വചനത്തെ കൂടുതൽ സ്നേഹിക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

ഡിസംബർമാസം അവസാന ഞായർ ബൈബിൾഞായറായി ആചരിക്കണമെന്ന കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാനമനുസരിച്ച് ഈ വർഷം ഡിസംബർ 31-ാം തീയതി ബൈബിൾ ഞായറായി സഭ ആചരിക്കുകയാണ്. ബൈബിൾ ഞായറാഴ്ച നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനത്തിൽ ആഴപ്പെട്ട് ഐക്യത്തിന്റെ കണ്ണികൾ സമൂഹത്തിൽ സുദൃഢമാക്കാൻ ആഹ്വാനംചെയ്തുകൊണ്ടും മനുഷ്യനായി അവതരിച്ച ദൈവമായ യേശുവിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,<br>
**ബിഷപ്പ് ഡോ. എബ്രഹാം മാർ യൂലിയോസ്**<br>
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ<br>
**ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്**<br>
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ<br>
**ബിഷപ്പ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**<br>
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം<br>
കൊച്ചി - 682 025

*NB: 2017 നവംബർ 26-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*



New MSFS House at Kattapana blessed by<br>
Bishop Sebastian Thekethecheril

# സംഘടനാ വാർത്തകൾ

## കെ.സി.എസ്.എൽ. സാഹിത്യ മത്സരങ്ങൾ



വിജയപുരം രൂപതയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന കെ.സി.എസ്.എൽ. വിദ്യാർത്ഥികൾക്കായി വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് സാഹിത്യമത്സരങ്ങൾ സംഘടിപ്പിച്ചു. സംസ്ഥാന തല സാഹിത്യമത്സരങ്ങളുടെ പശ്ചാത്തലത്തിലാണ് മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. സാഹിത്യോത്സവത്തിന് എല്ലാവിധ ഭാവുകങ്ങളും അർപ്പിച്ചുകൊണ്ട് ശ്രീമതി സാലി ജോസഫ് ഉദ്ഘാടനം നിർവ്വഹിച്ചു. കെ.സി.എസ്.എൽ. രൂപതാ ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സി. മേർളി, സി. സിന്ധു, ശ്രീമതി ശാന്തമ്മ ചാക്കോ, ശ്രീമതി അന്നമ്മ വർഗീസ്, സി. റീന എന്നിവർ പ്രസംഗിച്ചു.

## വിൻസെന്റ് ഡി പോൾ ഏന്തയാർ ഹെസെദ് സ്നേഹസംഗമം 2017 – 2018

സെന്റ് ജോസഫ് ചരച്ച് ഏന്തയാർ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഏന്തയാർ ശാന്തിനിലയത്തിൽ സെപ്റ്റംബർ 6-ാം തീയത് ഓണസദ്യ നൽകികൊണ്ട് ഹെസെദ് സ്നേഹസംഗമം നടന്നു. മദർ സുപ്പീരിയർ ഏവരെയും സ്വാഗതം ചെയ്തു. കോൺഫ്രൻസ് ആത്മീയഉപദേഷ്ടാവ് റവ.ഫാ. ജോർജ് കാളിയത്ത് ഹെസെദ് സ്നേഹസംഗമം ആശീർവദിച്ച് ഉൽഘാടനം നിർവ്വഹിച്ചുകൊണ്ട് വിഭവങ്ങൾക്കൊപ്പം പുത്രസ്നേഹവും നൽകിയപ്പോൾ മുണ്ടക്കയം എ.സി. പ്രസിന്റ് ബ്ര. ഡോ. സണ്ണി, എ.സി. സെക്രട്ടറി സി. റാണി ലൂയിസ്, കുട്ടിക്കാനം കോൺഫ്രൻസ് വൈസ് പ്രസിഡന്റ് ബ്ര. ജിൻസൺ എന്നിവർ ആശംസയർപ്പിക്കുകയും ചെയ്തു. ഏന്തയാർ കോൺഫ്രൻസ് പ്രസിഡന്റ് സി. മോളി കീത്താറ കൃതജ്ഞത രേഖപ്പെടുത്തി.

# വി.എസ്.എസ്.എസ്. വാർത്തകൾ

## വിജയ് ഫെസ്റ്റ് 2017



സമ്മേളന ഉദ്ഘാടനം ജോസ് കെ. മാണി എം.പി നിർവ്വഹിക്കുന്നു.

**വി**ജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 56-ാം വാർഷിക മഹോത്സവം "വിജയ് ഫെസ്റ്റ് " 2017 കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 25 ശനിയാഴ്ച വിവിധ കലാ സാംസ്കാരിക പരിപാടികളോടെ ആഘോഷിച്ചു. രാവിലെ കുടുംബ സമീക്ഷയും കുടുംബങ്ങളിലെ സ്ത്രീ പുരുഷ സമത്വവും എന്ന വിഷയത്തിൽ കേരളാ സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ സെമിനാർ നയിച്ചു. തുടർന്ന് വികാരി ജനറാൾ മോൺ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം ജോസ് കെ മാണി എം.പി ഉദ്ഘാടനം ചെയ്തു.വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമെന്ന് പറഞ്ഞ അദ്ദേഹം കാർഷിക മേഖലയിൽ സൊസൈറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടെന്നും കേരളത്തിൽ വർദ്ധിച്ചു വരുന്ന കാൻസർ പോലുള്ള വിപത്തുകൾക്ക് ഒരു പരിധിവരെ അത് പരിഹാരമാകുമെന്നും പറഞ്ഞു. അനുഗ്രഹ പ്രഭാഷണം നടത്തിയ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തച്ചേരിൽ പിതാവ് രൂപതയുടെ ആരംഭകാലം മുതലുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്നും കാലഘട്ടങ്ങൾക്കനുസൃതമായ പ്രവർത്തനരീതികൾ സ്വീകരിച്ച് അടിസ്ഥാന വികസനം, വിദ്യാഭ്യാസം, സാമൂഹിക ക്ഷേമം തുടങ്ങിയ മേഖലകളിൽ സൊസൈറ്റി അനേകം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും അനുസ്മരിച്ചു.കുടിൽ രഹിതരൂപതയുടെ സോഫ്റ്റ്വെയർ സൊസൈറ്റിയുടെ വെബ്സൈറ്റുമായി സംയോജിപ്പിക്കുന്നതിന്റെ സ്വിച്ച് ഓൺ കർമ്മം സുരേഷ്കുറുപ്പ് എം.എൽ എ നിർവ്വഹിച്ചു. കേരളാ വികസനത്തിന്റെ ഒരേടുതന്നെയാണ് വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്ന് അദ്ദേഹം

പറഞ്ഞു. രാജ്യം നേരിടുന്ന വിഭാഗീയത പോലുള്ള കടുത്ത വെല്ലുവിളികൾ നേരിടുവാൻ നാം സ്വയം സജ്ജരായിരിക്കണമെന്ന്, മികച്ച ബാലവേദി, അയൽക്കൂട്ടം, തൊഴിൽ സംരംഭം എന്നിവയ്ക്കുള്ള അവാർഡുകൾ വിതരണം ചെയ്തുകൊണ്ട് മുൻ എം.എൽ എ വി.എൻ വാസവൻ അഭിപ്രായപ്പെട്ടു. വിജയ് ഫെസ്റ്റിനു മുന്നോടിയായി നടന്ന കലാ മത്സരങ്ങളിൽ വിജയികളായവർക്ക് മോൺ.സെബാസ്റ്റ്യൻ പൂവത്തുങ്കൽ സമ്മാനങ്ങൾ വിതരണം ചെയ്തു. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ, മൂന്നാർ മേഖലാ അസി.ഡയറക്ടർ ഫാ. ജോൺസൺ ഒറ്റത്തെങ്ങുങ്കൽ, അസി. ഡയറക്ടർ ഫാ.ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ, മുനിസിപ്പൽ കൗൺസിലർ ജോബി ജോൺസൺ, പ്രോജക്റ്റ് ഓഫീസർ കെ.പി ജോൺ എന്നിവർ സംസാരിച്ചു. ബാലവേദി, സംഘങ്ങൾ, പി.ഡി.സി എന്നിവയുടെ പ്രതിനിധികൾ, ആനിമേറ്റർമാർ, ഓഫീസ് ജീവനക്കാർ, സൊസൈറ്റിയുടെ വിവിധ പദ്ധതികളിൽ അംഗമായിട്ടുള്ളവർ എന്നിവരുൾപ്പെടെ 700 പേർ ചടങ്ങിൽ സംബന്ധിച്ചു.



അഭിവന്ദ്യ പിതാവിന്റെ അനുഗ്രഹ പ്രഭാഷണം



സന്ദേശം മോൺ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിൽ



സ്വാഗതം ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ



കൃതജ്ഞത ഫാ ജോൺസൺ ഒറ്റത്തെങ്ങുങ്കൽ



സന്ദേശം സുരേഷ് കുറുപ്പ് എം.എൽ.എ



കലാ, രചനാ മത്സരവിജയികൾക്കുള്ള സമ്മാന വിതരണം മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ നിർവ്വഹിക്കുന്നു.



മികച്ച സ്വയം സഹായ സംഘത്തിനുള്ള ഉപഹാരം വി.എൻ വാസവൻ നൽകുന്നു.



ഫാ.ജോർജ്ജ് വെട്ടിക്കാട്ടിൽ ക്ലാസ്സ് നയിക്കുന്നു.

**വിജയ് ഫെസ്റ്റ് 2017 കലാ,രചനാ മത്സരങ്ങളിൽ നിന്ന്**









# സംയോജിതാ കാട്ടാമ്പാക്ക്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കാട്ടാമ്പാക്കിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ 50-ാ മത് സംയോജിതാ യോഗം രക്ഷാധികാരി ഫാ. ഗ്രിഗറി കൂട്ടുമ്മേലിന്റെ അദ്ധ്യക്ഷതയിൽ സോഷ്യൽ സർവ്വീസ് സൊസൈറ്റി മേഖലാ പ്രസിഡന്റ് ഫാ.സിൽവസ്റ്റർ മാധവശ്ശേരി ഉദ്ഘാടനം ചെയ്തു. തുടർന്ന് അദ്ദേഹം മുതിർന്ന വനിതാ സംഘാംഗങ്ങളെ ആദരിക്കുന്ന ചടങ്ങ് നിർവ്വഹിച്ചു. മുൻ മേഖലാ പ്രസിഡന്റ് ഫാ.മാത്യു വട്ടമാക്കിൽ ജെ.എൽ.ജിയുടെ പുതിയ സംരംഭം ഉദ്ഘാടനം ചെയ്തു. ഞീഴൂർ ഗ്രാമപഞ്ചായത്ത് അംഗം ബീനാ മാത്യു സംഘാംഗങ്ങളുടെ മക്കളിൽ സെക്കന്ററി, ഹയർസെക്കന്ററി പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. വി.എസ്.എസ്.എസ്

സി.ഡി.ഒ ജോസ്മി സെബാസ്റ്റ്യൻ, റവ.സി. റാണി സി.എം.എം, മേഖലാ സെക്രട്ടറി ലിസി ജോസ് എന്നിവർ ആശംസ നേർന്നു.സംയോജിതാ സെക്രട്ടറി മറിയക്കുട്ടി ഔസേഫ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസിഡന്റ് ഏലിക്കുട്ടി ജോർജ്ജ് സ്വാഗതവും ആനിമേറ്റർ സിസിലി ജോസ് നന്ദിയും പറഞ്ഞു.

## ആശാകിരണം



ആശാകിരണം പദ്ധതി സ്കൂൾതല ബോധവത്കരണ പരിപാടിയുടെ ഭാഗമായി വെട്ടിമുകൾ സെന്റ് പോൾസ് ഹൈസ്കൂളിൽ കുട്ടികൾക്കായി സംഘടിപ്പിച്ച സെമിനാറിൽ വി.എസ്.എസ്.എസ് സി.ഡി.ഒ പ്രമില ജോർജ്ജ് പദ്ധതി പരിചയപ്പെടുത്തുകയും പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. കാൻസർ, കാരണങ്ങൾ, മുൻകരുതലുകൾ, ചികിത്സാ, ആനുകൂല്യങ്ങൾ ഇവയേക്കുറിച്ച് വിശദമായി സംസാരിച്ച അവർ കുട്ടികളുടെ സംശയത്തിന് മറുപടി നൽകുകയും ചെയ്തു. ധനശേഖരണത്തിന്റെ ഭാഗമായി പഴയ വസ്ത്രങ്ങൾ, നോട്ട് ബുക്കുകൾ ഇവ ശേഖരിച്ച് വിൽപന നടത്തുവാനും തീരുമാനമായി. പി.ഡി.സി സെക്രട്ടറി ആന്റണി കെ.എം, ആനിമേറ്റർ അന്നമ്മ ആന്റണി എന്നിവർ സംസാരിച്ചു.



# അഭിവന്ദ്യ പിതാവിന്റെ
## നവംബർ മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 02 | വ്യാഴം | 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 03 | വെള്ളി | | - | PPD |
| 04 | ശനി | 6.00 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 05 | ഞായർ | 9.30 am | - | ദിവ്യബലി, മൗണ്ട് കാർമ്മൽ ചർച്ച്, മൂന്നാർ |
| 08 | ബുധൻ | 9.30 am | - | മെത്രാഭിഷേക തിരുക്കർമ്മം, തലശ്ശേരി |
| 10 | വെള്ളി | | - | PPD |
| 11 | ശനി | 10.00 am | - | മിഷൻ കോൺഗ്രസ്സിൽ പങ്കെടുത്തവരുടെ രൂപതാതല സംഗമം, വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം. |
| 16 | വ്യാഴം | 10.30 am | - | വിവാഹാശീർവ്വാദം, മൗണ്ട് കാർമ്മൽ ചർച്ച്, മൂന്നാർ |
| 17 | വെള്ളി | | - | PPD |
| 24 | വെള്ളി | | - | PPD |
| 25 | ശനി | 11.00 am | - | വിവാഹാശീർവ്വാദം, വിമലഗിരി കത്തീഡ്രൽ, കോട്ടയം. |
| 29 | ബുധൻ | 5.15 pm | - | തിരുനാൾകൊടിയേറ്റ്, വിമലഗിരി കത്തീഡ്രൽ, കോട്ടയം. |



**Thokkupara Church Blessing,24-9-2017**


SOUTH INDIAN Bank
Experience Next Generation Banking
SIB YOUTH PLUS Savings Account
"There is no better time to experiment
with the good things that come to your life...."
Experience the Next Generation Savings
Account for YOUTHS


Need a vehicle?
Vehicle loans
from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or Individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

NOVEMBER 2017
Vol. 10 • Issue 11
Published on
1st November 2017

vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA


# മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



# ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway**
TECHNOLOGIES PVT. LTD.

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

ENVIRONMENTAL CONSULTANTS & MANUFACTURES OF:
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS


Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala. # 0481-2569180